2015
AUGUST

KOMMERI SERVICE CO-OPERATIVE BANK Celebrating 41st years of service

# ധ്വനി

കൊമ്മേരി സർവ്വീസ് സഹകരണ
ബേങ്ക് ഓണം സപ്ലിമെന്റ്

PRIVATE CIRCULATION ONLY | 8 PAGES



വായനക്കാർക്ക് ഹൃദയം നിറഞ്ഞ ഓണാശംസകൾ

ഓണം പൊന്നോണം ഉത്സവം

2 > സ്ഥാപക പ്രസിഡണ്ടിനെ ഓർക്കുമ്പോൾ
3 > കുറഞ്ഞ പലിശനിരക്കുമായി വായ്പാപദ്ധതികൾ
3 > കുടുംബശ്രീ വിജയഗാഥ
4 > നമുക്ക് വളർത്താം തനി നാടൻ പച്ചക്കറികൾ
5 > സ്വർണ്ണ നാണയം ഉൾപ്പെടെ സമ്മാനങ്ങൾ

# കൊമ്മേരി സർവ്വീസ് സഹകരണ ബേങ്ക് അഭിമാനത്തോടെ 41-ാം വർഷത്തിലേക്ക്






**വി. മധുസൂദനൻ നായർ**
പ്രസിഡണ്ട്

സാമൂഹ്യ രാഷ്ട്രീയ രംഗത്തെ പ്രമുഖ വ്യക്തിത്വവും, എം.പിയും എം.എൽ.എ.യും ആയിരുന്ന ശ്രീ. ചാത്തുണ്ണിമാസ്റ്ററുടെ രക്ഷാകർത്തൃത്വത്തിൽ 1974-ൽ കൊമ്മേരി സർവ്വീസ് സഹകരണ ബേങ്ക് നിലവിൽ വന്നു. വളയനാടു വില്ലേജ് പരിധിയായി നിശ്ചയിച്ചു. പുവ്വങ്ങൽ, കൊമ്മേരി പ്രദേശത്തെ സാധാരണ ചെറുകിട കർഷകരുടെയും, തൊഴിലാളികളുടെയും സാമ്പത്തികമായ ആവശ്യങ്ങൾക്ക് പരിഹാരം കാണുകയും, അതുവഴി അവരുടെ ജീവിത നിലവാരം ഉയർത്തുകയുമായിരുന്നു ലക്ഷ്യം. തുടക്കത്തിൽ വളരെ ചെറിയ തുക വായ്പ നല്കി ആരംഭിച്ച ബേങ്ക് 41 വർഷം മുമ്പ് ചാത്തുണ്ണിമാസ്റ്റർ വിഭാവനം ചെയ്ത ലക്ഷ്യം സഫലീകരിക്കുന്നതിൽ ഇന്ന് ഒരളവോളം വിജയം കണ്ട് കഴിഞ്ഞു. ഇപ്പോൾ ബേങ്കിനു മൂന്നു ശാഖയും (മേത്തോട്ട് താഴം, മാങ്കാവ്, കിണാശ്ശേരി) 61 കോടി രൂപയുടെ പ്രവർത്തന മൂലധനവും 58 കോടിയിലധികം നിക്ഷേപവും 44 കോടിയിലധികം രൂപയുടെ വായ്പയും നിലവിലുണ്ട്. ഒരംഗത്തിന് വിവിധയിനത്തിൽ പരമാവധി 20 ലക്ഷം രൂപ വരെ വായ്പ നല്കാൻ കഴിയുന്ന തരത്തിലേയ്ക്ക് വളരാൻ കഴിഞ്ഞിട്ടുമുണ്ട്. അംഗങ്ങളുടെ ആവശ്യാനുസരണം വായ്പ നല്കാനും, വളയനാടിന്റെ ബേങ്ക് എന്ന നിലയിലേയ്ക്ക് വളരാനുമുള്ള ശ്രമത്തിലാണ്. എ-ക്ലാസ്സ് അംഗങ്ങൾക്ക് കഴിഞ്ഞ വർഷങ്ങളിൽ 15 % ഡിവിഡന്റ് നൽകാൻ കഴിഞ്ഞു.

ബേങ്കിന്റെ എല്ലാ ശാഖകളും ആധുനികവല്കരിച്ച് ഇടപാടുകാർക്കും, അംഗങ്ങൾക്കും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നു. ഇടപാടുകാർക്ക് ആവശ്യമായ സ്വത്ത് പണയ വായ്പ, ഭവന വായ്പ, വ്യക്തിഗത വായ്പ, കാർഷിക വായ്പ, വാഹന വായ്പ, കിസാൻ ക്രെഡിറ്റ് കാർഡ്, ക്യാഷ് ക്രെഡിറ്റ്, സ്വർണ്ണ പണയ വായ്പ തുടങ്ങി എല്ലാതരം വായ്പകളും നല്കിവരുന്നു.

സമൂഹത്തിൽ പാർശ്വവല്ക്കരിക്കപ്പെട്ട സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമിട്ട് കുടുംബശ്രീകൾക്ക് ലിങ്കേജ് വായ്പ, കുടുംബശ്രീ അംഗങ്ങൾക്ക് വ്യക്തിഗത വായ്പ, സ്വയം തൊഴിൽ വായ്പ എന്നിവ നല്കിവരുന്നു. കുടുംബശ്രീ വ്യക്തിഗത വായ്പ കഴിഞ്ഞ ഒരു വർഷം കൊണ്ടു 1400ൽപരം അംഗങ്ങൾക്ക് നല്കി.

നിലവിൽ കുടുംബശ്രീകൾക്ക് നല്കി വരുന്ന വ്യക്തിഗത വായ്പ ഇരുപതിനായിരമെന്നത് വർദ്ധിപ്പിക്കണമെന്ന ആവശ്യം പരിഗണിച്ച് 2015 ആഗസ്റ്റ് ഒന്നു മുതൽ 50,000 രൂപ വരെ ആയി ഉയർത്താൻ തീരുമാനിച്ചു.

സേവനത്തിന്റെ 41-ാം വർഷത്തിലേയ്ക്ക് കടന്നിരിക്കുന്ന വേളയിൽ 2015 ഏപ്രിൽ 1 മുതൽ എല്ലാത്തരം വായ്പകളുടെയും പലിശ ഗണ്യമായി കുറവ് വരുത്തി. സർക്കാർ അനുവദിച്ച പലിശനിരക്കിൽ നിന്നും വളരെ കുറഞ്ഞ പലിശ നിരക്കാണ് ഈടാക്കി വരുന്നത്. മാത്രമല്ല വളയനാട് വില്ലേജിൽ പ്രവർത്തിക്കുന്ന മറ്റ് സഹകരണ സ്ഥാപനങ്ങളുമായി താരതമ്യം ചെയ്താൽ ഉപഭോക്താവിന് ഏറ്റവും കുറഞ്ഞനിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നത് കൊമ്മേരി സർവ്വീസ് സഹകരണ ബേങ്കാണെന്ന് മനസ്സിലാകും.

നിക്ഷേപങ്ങൾക്ക് സർക്കാർ നിശ്ചയിച്ച പലിശ നിരക്ക് നല്കിപോരുന്നു. കൂടാതെ ഡെപ്പോസിറ്റർമാരുടെ സംരക്ഷണാർത്ഥം ബേങ്ക് ഡെപ്പോസിറ്റ് ഗ്യാരണ്ടി സ്കീമിൽ അംഗവുമാണ്. വായ്പകൾക്ക് സംരക്ഷണം ലഭിക്കുന്നതിനു വേണ്ടി കേരള സർക്കാർ ആവിഷ്കരിച്ച റിസ്ക് ഫണ്ട് പദ്ധതിയിലും ബേങ്ക് അംഗമാണ്. ഒറ്റത്തവണ പണമടയ്ക്കുന്ന ഈ പദ്ധതിയിൽ കുടിശ്ശികയില്ലാതെ വായ്പ തിരിച്ചടവു നടത്തുന്നവർക്ക് വായ്പാ കാലയളവിൽ ഉടനീളം ഇൻഷൂറൻസ് സംരക്ഷണം ലഭ്യമാണ്. കുറിക്ക് സമാനമായ ഗ്രൂപ്പ് ഡിപ്പോസിറ്റ് സ്കീമുകൾ (G.D.S.) ബേങ്കിന്റെ എല്ലാശാഖയിലും നടത്തിപ്പോരുന്നു. ഒരു ലക്ഷം മുതൽ 10 ലക്ഷം രൂപ വരെ സലയുള്ള ജി.ഡി. എസ്സുകൾ ഉണ്ട്.

മലയാളികൾക്കന്യമായി കൊണ്ടിരിക്കുന്ന കാർഷിക സംസ്കാരം വീണ്ടെടുക്കാൻ പ്രേരിപ്പിക്കുക, വിഷരഹിത ജൈവപച്ചക്കറികൃഷിപ്രോത്സാഹിപ്പിച്ച് സ്വയംപര്യാപ്തത കൈവരിക്കുക എന്നീ ലക്ഷ്യത്തോടെ ബേങ്ക് പരിധിയിൽ പച്ചക്കറി കൃഷിയിൽ താല്പര്യമുള്ള വ്യക്തികൾക്കായി കൃഷി വകുപ്പിന്റെസഹകരണത്തോടെ



ഏകദിന ശില്പശാല സംഘടിപ്പിച്ചു. അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പച്ചക്കറിയിലെ വിഷപ്രയോഗവും, അതിന്റെ ദോഷവശങ്ങളും മനസ്സിലാക്കി വളയനാട് വില്ലേജ് പരിധിയിലെ 200ൽ പരം ആളുകൾ മുൻകൂട്ടി രജിസ്റ്റർ ചെയ്ത് അതീവതാല്പര്യത്തോടെ ശില്പശാലയിൽ പങ്കെടുത്തു. ശില്പശാലയ്ക്കൊടുവിൽ ജൈവപച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നേതൃത്വം നല്കുന്നതിന് ബേങ്കിന് കീഴിൽ വളയനാട് വില്ലേജ് പരിധിയായി വളയനാട് വില്ലേജ് കർഷകസമിതി രൂപീകരിച്ചു. ശില്പശാലയിൽ പങ്കെടുത്ത എല്ലാവർക്കും 9 ഇനം പച്ചക്കറി വിത്തുകൾ സൗജന്യമായി വിതരണം ചെയ്തു. തുടർന്ന് വളയനാട് വില്ലേജിലെ 7 ഡിവിഷനുകളിലും കർഷക സമിതികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. കൂടാതെ 30 രൂപ വിലയുള്ള 9 ഇനം പച്ചക്കറി വിത്തിന്റെ പായ്ക്കറ്റ് 10 രൂപ നിക്കിൽ 600 പരം ആളുകൾക്ക് വിതരണം ചെയ്തു.

> **കൊമ്മേരി സർവ്വീസ് സഹകരണ ബേങ്കിന്റെ ഹെഡ്ഡോഫീസ് കെട്ടിട നിർമ്മാണത്തിന് തുടക്കമായി**
> 8 >

പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാൻ വ്യക്തികൾക്ക് 5,000 രൂപ വരെ പലിശ രഹിത വായ്പ, 10,000 രൂപവരെ വായ്പ 7% പലിശയ്ക്കും, നല്കാൻ തീരുമാനിച്ചു. ഗ്രൂപ്പുകൾക്ക് ആവശ്യമായ വായ്പ നല്കുക, പോളിഹൗസുകൾ നിർമ്മിച്ച് പച്ചക്കറി കൃഷിയ്ക്ക് ചെറുതരം ബയോഗ്യാസ് പ്ലാന്റുകൾ വാങ്ങുന്നതിനും വായ്പ നല്കാനും ബേങ്ക് സന്നദ്ധമാണ്. മാത്രമല്ല, അനുയോജ്യമായ സ്ഥലം ലഭ്യമായാൽ ബേങ്ക് നേരിട്ട് കൃഷിചെയ്യുന്ന കാര്യവും പരിഗണനയിലുണ്ട്. ഇതിനെല്ലാമുപരി കർഷകർക്ക് വേണ്ട എല്ലാ സാങ്കേതിക സഹായങ്ങളും കൃഷിവകുപ്പിന്റെ കൂടി സഹകരണത്തോടെ ലഭ്യമാക്കാനും ബേങ്ക് തയ്യാറായിരിക്കും.

ബേങ്ക് മെമ്പർമാരുടെ മക്കളെ വിദ്യാഭ്യാസത്തിൽ പ്രോത്സാഹിപ്പിക്കുക എന്നുള്ള ഉദ്ദേശ്യത്തോടെ 2014 മുതൽ എസ് എസ് എൽ സി, +2 പരീക്ഷകളിൽ ഉന്നത വിജയം നേടുന്നവരെ ക്യാഷ് അവാർഡ് നല്കി അനുമോദിച്ചു പോരുന്നു. ഇതോടൊപ്പം 2015-ൽ, ബേങ്ക് പരിധിയിൽ ഗവ: ഹയർസെക്കണ്ടറി സ്ക്കൂൾ, ആഴ്ചവട്ടം, ഗവ: വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂൾ കിണാശ്ശേരി എന്നിവിടങ്ങളിലെ എസ് എസ് എൽ സി, +2 ഉന്നത വിജയികളെയും ക്യാഷ് അവാർഡ് നല്കി അനുമോദിക്കുകയുണ്ടായി.

സമൂഹത്തിന്റെ താഴെത്തട്ടിലെ നിർദ്ധനരായ നിത്യരോഗികൾക്ക് മരുന്ന് വാങ്ങാൻ നിബന്ധനകൾക്ക് വിധേയമായും, ഫണ്ടിന്റെ ലഭ്യതയും കണക്കിലെടുത്ത് പ്രതിമാസം 400 രൂപ വീതം നല്കുന്ന ഒരു പദ്ധതി ബേങ്ക് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ക്യാൻസർ പോലെ മാരക രോഗങ്ങൾ ബാധിച്ച് ചികിത്സയിൽ കഴിയുന്നവർക്ക് കഴിയുന്ന സഹായം ചെയ്യാനും ശ്രമിച്ചു പോരുന്നു. സാമൂഹ്യ സേവന രംഗത്ത് കൂടുതലായി ഇടപെടാൻ ആഗ്രഹിക്കുന്നു.

ബേങ്കിന് കീഴിൽ പ്രവർത്തിക്കുന്ന നീതിസ്റ്റോർ ഉണ്ട്. പ്രദേശവാസികൾക്ക് കുറഞ്ഞ നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതോടൊപ്പം പ്രാദേശികമായി വിലനിലവാരം നിയന്ത്രിച്ച് നിർത്തുന്നതിനും സാധിച്ചിരുന്നു. നിർഭാഗ്യവശാൽ കഴിഞ്ഞ ഒരു വർഷമായി സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും സബ്സിഡി



സാധനങ്ങൾ കിട്ടാത്തതിനാൽ പൊതുമാർക്കറ്റിൽനിന്നും സാധനം വാങ്ങി ലാഭേച്ഛ കൂടാതെയുള്ള കച്ചവടമാണ് നീതി സ്റ്റോറിൽ ചെയ്യുന്നത്. 2015 ഓണക്കാലത്ത് സിവിൽ സപ്ലൈസ് വകുപ്പിൽനിന്നും സബ്സിഡി സാധനങ്ങൾ കിട്ടുന്ന കാര്യത്തിൽ ഇതുവരെ അറിയിപ്പ് ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ഓണക്കാലത്ത് കുറഞ്ഞ ചെലവിൽ പ്രദേശവാസികൾക്ക് പല വ്യഞ്ജനങ്ങൾ ലഭ്യമാക്കാൻ ബേങ്ക് നേരിട്ട് 10% സബ്സിഡി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. നീതി സ്റ്റോറിൽ 13 ഇനം സാധനങ്ങൾക്ക് നിലവിലെ വില്പന വിലയിൽ 10% സബ്സിഡിയാണ് നല്കുന്നത്.

തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ ബേങ്ക് വളർച്ചയുടെ പാതയിലാണ്. ബഹുമാന്യ മെമ്പർമാരും, ഇടപാടുകാരുമാണ് ഞങ്ങളുടെ സ്വത്ത്.അവർ ഞങ്ങളിലർപ്പിച്ച വിശ്വാസമാണ് ഞങ്ങളുടെ ശക്തി. അതുകൊണ്ട് ബഹുമാന്യ ഇടപാടുകാർക്കും, മെമ്പർമാർക്കും മെച്ചപ്പെട്ട സേവനം ലഭ്യമാക്കണമെന്ന ഉദ്ദേശ്യത്തോടെ നിരവധി വികസന പ്രവർത്തനങ്ങളും, ആധുനിക ബേങ്കിംഗ് സൗകര്യങ്ങളും കൊമ്മേരി ബേങ്കിലും നടപ്പിലാക്കാൻ ഞങ്ങൾ തയ്യാറെടുക്കുകയാണ്. മാങ്കാവ് ശാഖ ഇപ്പോൾ പ്രവർത്തിക്കുന്നിടത്തു നിന്നും ബൈപ്പാസിലുള്ള ബിൽഡിംഗിലേക്ക് മാറ്റുന്നതിനുള്ള ഏർപ്പാടുകൾ നടന്നു വരുന്നു. മേത്തോട്ടുതാഴത്ത് ബേങ്കിന് അനുയോജ്യമായൊരു കെട്ടിടം ഹെഡ്ഡ് ആഫീസിനായി നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയാണ് കരാർ എടുത്തിരിക്കുന്നത്. ഇന്ത്യയിൽ എവിടേയ്ക്കും പണം അയയ്ക്കുന്നതിനുള്ള RTGS, NEFT സൗകര്യം എല്ലാ ശാഖകളിലും സൗജന്യമായി, ഇടപാടുകാർക്ക് ലഭ്യമാണ്. ഗൾഫ് രാജ്യങ്ങളിൽനിന്നും മറ്റും പണം സ്വീകരിക്കുന്നതിനും അങ്ങോട്ടേയ്ക്ക് അയക്കുന്നതിനുമുള്ള സൗകര്യം 'വെസ്റ്റേൺ യൂണിയൻ മണിട്രാൻസ്ഫർ' എന്ന സ്ഥാപനവുമായി സഹകരിച്ച് ബേങ്കിൽ നടപ്പിലാക്കിയിട്ടുണ്ട്. കോർബേങ്കിംഗ് നടപ്പിലാക്കാനും, അതോടൊപ്പം 'SMS' അലർട്ട് സംവിധാനവും നടപ്പിലാക്കാനും ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. ബേങ്കിന്റെ വെബ്സൈറ്റ് ഏതാനും ദിവസങ്ങൾക്കകം ലോഞ്ച് ചെയ്യാൻ കഴിയുന്ന നിലയിൽ പ്രവൃത്തി പുരോഗമിക്കുന്നു. മാന്യ ഇടപാടുകാരും മെമ്പർമാരും ഞങ്ങളിലർപ്പിച്ച വിശ്വാസം കാത്തുസൂക്ഷിക്കാൻ ബേങ്ക് ജീവനക്കാർ ചെയ്യുന്ന സേവനം നിസ്തുലമാണ്. ചെറിയ പരാതികൾക്കുപോലും പരിഹാരം കാണാൻ ഭരണസമിതിയും ജാഗരൂകരാണ്.

ബേങ്കിന്റെ മുൻകാല ഭരണ സമിതികൾക്ക് നേതൃത്വം നല്കിയ ചാത്തുണ്ണിമാസ്റ്റർ, ടി.എച്ച്.കെ. വാര്യർ, പി.ടി. കുട്ടിരാമൻ, ടി.പി.കോയമൊയ്തീൻ, കെ.ചെറുകുട്ടിമാസ്റ്റർ,പി.ഭരതക്കുറുപ്പ് എന്നിവർ ഉയർത്തിപ്പിടിച്ച മൂല്യങ്ങളും ആശയങ്ങളും അഭിലാഷങ്ങളും ഉൾക്കൊണ്ട് അവർ ആഗ്രഹിച്ച ലക്ഷ്യപ്രാപ്തിക്കായി, ഞങ്ങൾ അക്ഷീണം പ്രയത്നിക്കുമെന്നും, മാന്യമെമ്പർമാർക്കും ഇടപാടുകർക്കും കാലാനുസൃതമായ സേവനം ലഭ്യമാക്കുന്നതോടൊപ്പം, ബേങ്കിന്റെയും അതുവഴി പ്രദേശത്തിന്റെയും വളർച്ചയ്ക്കായി കഴിയുന്നതെല്ലാം ചെയ്യുമെന്നും ഞങ്ങൾ ഏകമനസ്സോടെ



ഉറപ്പ് നല്കുന്നു. ഈ ഓണവേളയിൽ എല്ലാ സുമനസ്സുകളുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

വളയനാട് വില്ലേജിലെ ഏക ബേങ്ക് എന്ന നിലയിലേക്ക് വളരണമെന്ന ലക്ഷ്യമിട്ട് പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് വരികയാണ്. ബേങ്ക് പരിധിയിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ബേങ്കിംഗ് ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്ന തരത്തിലേക്ക് കൊമ്മേരി ബേങ്കിനെ എത്തിക്കുന്നതിന് വളയനാട് വില്ലേജിലെ എല്ലാ നല്ലവരായ നാട്ടുകാരുടെയും സഹായസഹകരണം ഉണ്ടാകുമെന്ന് ആഗ്രഹിക്കുന്നു. അതിനായി ഓരോ വീട്ടിലെയും എല്ലാവർക്കും അക്കൗണ്ട് എന്ന ആശയം ഞങ്ങൾ നിങ്ങൾക്കുമുന്നിൽ അവതരിപ്പിക്കുന്നു. സഹകരിക്കുക.

2015ലെ ഓണം എല്ലാവർക്കും സന്തോഷവും സമാധാനവും നൽകട്ടെ എന്നാശംസിക്കുന്നു.

ഒരിക്കൽ കൂടി എല്ലാ നന്മകളും നേരുന്നു.

## സന്ദേശങ്ങൾ



### സഹകരണ വകുപ്പ്

കോഴിക്കോട് താലൂക്കിൽ മേത്തോട്ടുതാഴം ആസ്ഥാനമാക്കി പ്രവർത്തിച്ചു വരുന്ന ലിമിറ്റഡ് നമ്പർ ഡി. 2022 കൊമ്മേരി സർവ്വീസ് സഹകരണ ബേങ്ക് 2015 ഓണത്തിനോടനുബന്ധിച്ച് ഒരു ഓണപ്പതിപ്പ് ഇറക്കുന്നുവെന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. സാമൂഹ്യ പ്രതിബദ്ധതയുള്ള വിഷയങ്ങളിലും 'ആശ്വാസ്', 'ആലില', 'സുവർണ്ണ കേരളം' തുടങ്ങി സഹകരണ വകുപ്പിന്റെ വിവിധ പദ്ധതികളിലും എടുത്തു പറയത്തക്ക പ്രവർത്തനം കാഴ്ചവച്ചു വരുന്ന കൊമ്മേരി സർവ്വീസ് സഹകരണ ബേങ്കിന്റെ ഈ ഉദ്യമത്തിന് എല്ലാവിധ ആശംസകളും ഹൃദയപൂർവ്വം നേരുന്നു.

**വൽസരാജ് വി.എസ്.** (ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ),
സഹകരണ വകുപ്പ്, കോഴിക്കോട്



### സഹകരണ വകുപ്പ്

കേരളീയ മനസ്സുകളിലേക്ക്
നന്മയും സമൃദ്ധിയും നിറഞ്ഞ
ഒരു പൂക്കാലം കൂടി വരവായി...

കൊമ്മേരി സർവ്വീസ് സഹകരണ ബേങ്കിന്റെയും
സഹകാരികളുടെയും മുന്നോട്ടുള്ള പ്രയാണം
സമ്പൽസമൃദ്ധികളാൽ നിറഞ്ഞതാവട്ടെ...

**ഷഹനാസ് കെ.** (ഒപ്പ്)
സീനിയർ ഇൻസ്പെക്ടർ
സഹകരണ വകുപ്പ്, കോഴിക്കോട്



### അഡ്വ. ചേമ്പിൽ വിവേകാനന്ദൻ
കൗൺസിലർ, വാർഡ് – 28, കുതിരവട്ടം
കോഴിക്കോട് കോർപ്പറേഷൻ

ചരിത്ര സ്മരണകൾ നിറഞ്ഞു നിൽക്കുന്ന കോഴിക്കോട് നഗരത്തിന് പ്രസാദാത്മകമായ പുതിയ മുഖം കൈവരിച്ചതിൽ സഹകരണപ്രസ്ഥാനത്തിന്റെ നിരന്തരമായ സംഭാവനകളിൽ തിളക്കമാർജിച്ച കൊമ്മേരി സർവിസ് സഹകരണ ബേങ്കിന്റെ മുന്നേറ്റം അഭിനന്ദനീയമാണ്. കഴിഞ്ഞ 41 വർഷത്തെ സ്തുത്യർഹമായ സേവനം കൊണ്ടും ജൈവപച്ചക്കറികൃഷിയെ പോലെയുള്ള ജനകീയ സംരംഭങ്ങളിലെ നേതൃത്വപാടവും കൊണ്ടും ശ്രദ്ധേയമായ ഒരു വലിയ കണ്ണിയാണ് കൊമ്മേരി സർവ്വീസ് സഹകരണ ബേങ്ക്. സ്വന്തമായ കെട്ടിടം എന്ന ഒരു മഹാസ്വപ്നത്തിന്റെ സാക്ഷാൽക്കാരം അടുത്തെത്തി നിൽക്കുന്ന ഘട്ടത്തിൽ വളർച്ചയുടെ പടവുകൾ ഇനിയും ഇനിയും കയറാൻ ബേങ്കിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

നവ്യമായ അനുഭവങ്ങൾ പകർന്നുകൊണ്ട് പൂത്തുലയുന്ന ചിങ്ങപുലരികളെ നമുക്ക് വരവേൽക്കാം.

**ചേമ്പിൽ വിവേകാനന്ദൻ** (ഒപ്പ്)



### കവിത അരുൺ
കൗൺസിലർ, വാർഡ്–30, കൊമ്മേരി
കോഴിക്കോട് കോർപ്പറേഷൻ

കൊമ്മേരി സർവ്വീസ് സഹകരണ ബേങ്കിന്റെ ആഭിമുഖ്യത്തിൽ ഒരു ഓണസപ്ലിമെന്റ് പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ വളരെയധികം സന്തോഷം.

41 വർഷമായി മാതൃകപരമായ ഒട്ടേറെ സേവനങ്ങൾ സംഭാവന ചെയ്യുവാൻ സാധിച്ച ഈ ബേങ്കിന് എല്ലാവിധ ആശംസകളും നേരുന്നു. എല്ലാവർക്കും എന്റെ നൻമ നിറഞ്ഞ ഓണാശംസകൾ.

**കവിത അരുൺ** (ഒപ്പ്)



### കെ.ടി. ബീരാൻകോയ
കൗൺസിലർ, വാർഡ്–32, പൊക്കുന്ന്
കോഴിക്കോട് കോർപ്പറേഷൻ

ഓണത്തോടനുബന്ധിച്ച് ബേങ്ക് പ്രസിദ്ധീകരിക്കുന്ന 'ധ്വനി' ഓണം സപ്ലിമെന്റിനും പ്രദേശത്തെ മുഴുവൻ ആളുകൾക്കും ഓണാശംസകൾ നേരുന്നു.

**കെ.ടി. ബീരാൻകോയ** (ഒപ്പ്)

## ഭരണസമിതി



മധുസൂദനൻ നായർ വി. – പ്രസിഡണ്ട്
എം.എൽ. ആന്റണി – വൈസ്. പ്രസിഡണ്ട്
ബാലകൃഷ്ണൻ ടി.പി. – ഡയറക്ടർ
എം.കെ.എം. കുട്ടി – ഡയറക്ടർ
തടത്തിൽ ചന്ദ്രൻ – ഡയറക്ടർ
ഗോപാലൻ പി.ടി. – ഡയറക്ടർ
വിനോദ് പി.കെ. – ഡയറക്ടർ
അശോക് കുമാർ എൻ. – ഡയറക്ടർ
ശോഭന സി. – ഡയറക്ടർ
രമണി എം.പി. – ഡയറക്ടർ
റസീനബാനു സി. – ഡയറക്ടർ

## ജീവനക്കാർ



അജയകുമാർ എ.എം. (സെക്രട്ടറി)
ഷൈനികുമാരി സി.
സുപ്രഭ പി.
ഫെമിന കെ.എം.
പ്രജി സി.പി.
ഷൈജു കെ.
സുനിത പി.
റീന വി.പി.
ബാബു എം.
ശ്രീജ കെ.
സബീഷ് ടി.
പുഷ്പകുമാരി എം.കെ.
സുബ്രഹ്മണ്യൻ ഇ.പി.
ബാബു എം.
റീന കെ.
സുമതി കെ.പി.



### ടി.പി. കോയമൊയ്തീൻ
കൗൺസിലർ, വാർഡ് – 31, കുറ്റിയിൽ താഴം
കോഴിക്കോട് കോർപ്പറേഷൻ

കോഴിക്കോട് ജില്ലാ സഹകരണ ബേങ്കിന്റെ സാമ്പത്തിക സഹായത്തോടെ നാമമാത്രമായ കാർഷിക വായ്പ വിതരണത്തോടുകൂടി ആരംഭിച്ച നമ്മുടെ ബേങ്ക് അംഗങ്ങളുടെ ഭവന, വിദ്യാഭ്യാസ, ഗൃഹോപകരണ വായ്പാരംഗത്തേക്ക് കൂടി കടന്ന് പ്രദേശത്തെ ഏറ്റവും ശക്തമായ അടിത്തറയുള്ള ബേങ്ക് എന്ന നിലയിൽ വളർന്നു വന്നതിൽ ഏറെ സന്തോഷിക്കുന്നു. നീതിസ്റ്റോർ, ആഘോഷ അവസരങ്ങളിലെ ചന്തകൾ എന്നിവ ഏറെ പ്രയോജനകരനാണ്. മാത്രമല്ല, അംഗങ്ങളുടെ ആരോഗ്യപരിപാലന രംഗത്തേക്കുകൂടി പ്രവർത്തനം വ്യാപിപ്പിച്ച ബേങ്കിന്റെ ഭരണകർത്താക്കൾക്കും ജീവനക്കാർക്കും അംഗങ്ങൾക്കും ആശംസകൾ നേരുന്നു.

സ്നേഹപൂർവ്വം
**ടി.പി.കോയമൊയ്തിൻ** (ഒപ്പ്)



### എൻ. സി. മോയിൻകുട്ടി
കൗൺസിലർ, വാർഡ്–35, ആഴ്ചവട്ടം
കോഴിക്കോട് കോർപ്പറേഷൻ

കൊമ്മേരി സർവ്വീസ് സഹകരണ ബേങ്ക് ഓണത്തോടനുബന്ധിച്ച് ഒരു സപ്ലിമെന്റ് ഇറക്കുന്നുണ്ടെന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. കഴിഞ്ഞ 41 വർഷക്കാലമായി നമ്മുടെ പ്രദേശത്തിന്റെ വികസനത്തിന് തണലായി നില്ക്കുന്ന ബേങ്കിന് എല്ലാവിധ വിജയങ്ങളും നേരുന്നു.

എല്ലാവർക്കും എന്റെ ഓണാശംസകൾ.

**എൻ. സി. മോയിൻകുട്ടി**(ഒപ്പ്)



### കെ. സൗദാമിനി ടീച്ചർ
കൗൺസിലർ, വാർഡ്–34, മാങ്കാവ്
കോഴിക്കോട് കോർപ്പറേഷൻ

41 വർഷം പിന്നിട്ട കൊമ്മേരി സർവ്വീസ് സഹകരണ ബേങ്ക് പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ പ്രവർത്തനങ്ങൾ നടത്തി മുന്നേറുന്നതിൽ അതിയായ സന്തോഷമുണ്ട്. ഓണത്തിനോടനുബന്ധിച്ച് ഈ ബേങ്ക് പുറത്തിറക്കുന്ന 'ഓണം സപ്ലിമെന്റി'ന് എല്ലാവിധ നന്മനിറഞ്ഞ ആശംസകളും നേരുന്നു.

എല്ലാവർക്കും എന്റെ സ്നേഹം നിറഞ്ഞ ഓണാശംസകൾ.

**ശ്രീമതി. കെ. സൗദാമിനി ടീച്ചർ** (ഒപ്പ്)



### ശ്രീവല്ലി രാമൻ
കൗൺസിലർ, വാർഡ്–33, കിണാശ്ശേരി
കോഴിക്കോട് കോർപ്പറേഷൻ

കൊമ്മേരി സർവ്വീസ് സഹകരണ ബേങ്കിന്റെ പ്രവർത്തനം വളയനാട് വില്ലേജിലെ സാധാരണക്കാരുടെ ജീവിതത്തിന് കാര്യമായ പുരോഗതിയ്ക്ക് സംഭാവന നല്കാൻ സാധിച്ചിട്ടുണ്ട്. അടുത്ത കാലത്തായി വനിതകളുടെ ഉന്നതി ലക്ഷ്യമിട്ട് കുടുംബശ്രീ വഴി നല്കി വരുന്ന വായ്പകൾ, സമൂഹത്തിലെ സാധാരണ സ്ത്രീകൾക്കും, പാർശ്വവല്കിരിക്കപ്പെട്ട സ്ത്രീസമൂഹത്തിനും വളരെയധികം നേട്ടമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. കുറഞ്ഞ പലിശനിരക്കിൽ മറ്റ് വിവിധയിനം വായ്പകളും നല്കുന്നുണ്ടെന്നറിയുന്നതിൽ സന്തോഷമുണ്ട്. ഇത്തരം പ്രവൃത്തികൾ കൂടുതൽ ശക്തിയോടെ മുന്നോട്ട് കൊണ്ടുപോകാൻ ബേങ്കിന് കഴിയട്ടെ എന്നാശംസിക്കുന്നു.

'ധ്വനി' ഓണം സപ്ലിമെന്റിനും കൊമ്മേരി ബേങ്കിനും എല്ലാ വിജയവും ആശംസിക്കുന്നു. നല്ലവരായ എല്ലാ നാട്ടുകാർക്കും എന്റെ ഓണാശംസകൾ നേരുന്നു.

**ശ്രീവല്ലി രാമൻ** (ഒപ്പ്)





അഡ്വ. കെ. ജയരാജൻ

# സ്ഥാപക പ്രസിഡണ്ടിനെ ഓർക്കുമ്പോൾ

ജനനം കൊണ്ട് സ : കെ. ചാത്തുണ്ണിമാസ്റ്റർ കണ്ണങ്കരക്കാരനാണെങ്കിലും പിൽക്കാലത്ത് സ: മാസ്റ്ററുടെ പ്രവർത്തനകേന്ദ്രം നെല്ലിക്കോടും കൊമ്മേരിയുമായി മാറി. സ: മാസ്റ്ററുടെ ഭാര്യ വീട് കൊമ്മേരി അനന്തൻബസാറിലെ കറുത്തേടത്ത് എന്ന തറവാട് വീടാണ്. അവിടെ നിന്ന് പലപല വാടകവീടുകളിലും താമസമാക്കിയ മാസ്റ്റർ 1969ൽ മേത്തോട്ടുതാഴം–പൂവ്വങ്ങൽ റോഡിലെ 'സംഭാവന' എന്ന വീട്ടിൽ താമസം തുടങ്ങി. സ: മാസ്റ്റർ അന്തരിച്ചിട്ട് ഇപ്പോൾ 25 വർഷം കഴിഞ്ഞു.(1990 ആഗസ്റ്റ 10ന്) മൺമറഞ്ഞുപോയ സ: ചാത്തുണ്ണിമാസ്റ്ററുടെ ജ്വലിക്കുന്ന സ്മരണ എന്നെന്നും നിലനിർത്തുന്ന ഒരു സ്ഥാപനമായി കൊമ്മേരി സർവ്വീസ് സഹകരണ ബേങ്ക് നിലക്കൊള്ളുകയാണ്. ആയതിന്റെ ചരിത്രത്തിലേക്ക് തെല്ലൊന്ന് കണ്ണോടിക്കട്ടെ.

സ: മാസ്റ്റർ എം.എൽ.എ. ആയും എം.പി.യുമായും കൂടാതെ കമ്യൂണിസ്റ്റ്, തൊഴിലാളി, കർഷക പ്രസ്ഥാനങ്ങളിൽ വളരെനാൾ പ്രവൃത്തിച്ചതുവഴി നേടിയെടുത്ത അനുഭവവും പരിജ്ഞാനവും വിവിധ മണ്ഡലങ്ങളിലെ സ്വാധീനവും മറ്റും ഈ ബാങ്ക് രൂപപ്പെട്ടു വരുന്നതിൽ നിർണ്ണായക പങ്കു വഹിച്ചു.

മേത്തോട്ടുതാഴം, പൂവ്വങ്ങൽ, കൊമ്മേരി പ്രദേശങ്ങൾ കോഴിക്കോട് കോർപ്പറേഷനിൽ ഉൾപ്പെട്ടതാണെങ്കിലും പിന്നോക്കം നിൽക്കുന്ന ഈ പ്രദേശങ്ങളെ എങ്ങിനെ സമുദ്ധരിക്കാമെന്ന ചിന്തയിൽ നിന്നാണ് ഇതിന്റെ ഉത്ഭവം സ: മാസ്റ്ററിൽ അങ്കുരിച്ചത്.

സഹകരണ മേഖലാ ഭൂപടത്തിൽ കൊമ്മേരിക്ക് ഒരു സ്ഥാനവും ഇല്ലാതിരുന്ന അവസ്ഥ മാറ്റിയെടുത്ത് സഹകരണ രംഗത്തേക്ക് ഇവിടുത്തെ ജനവിഭാഗത്തെ കൊണ്ടുവരിക, അങ്ങിനെ പ്രദേശത്തിന്റെ പിന്നോക്കാവസ്ഥക്ക് ഒരു പരിഹാരം കണ്ടെത്തുക എന്ന ഉദ്ദേശം വെച്ച് സ: മാസ്റ്റർ ആദ്യകാല പ്രവർത്തനം ഏറ്റെടുത്തു. തന്റെ തിരക്കേറിയ ജീവിതം ഇതിന് ഒരിക്കലും വിലങ്ങുതടിയായില്ല എന്നത് ശ്രദ്ധേയമാണ്.

സ: മാസ്റ്റർ ഒരു പ്രമേഹ രോഗിയായിരുന്നു. അങ്ങിനെയുള്ള ഒരാൾക്ക് പ്രഭാതത്തിലെ നടത്തം ഏറെ പ്രയോജനം ചെയ്യുമെന്നുള്ളത് നമുക്കറിയാമല്ലോ. സ: മാസ്റ്ററും അത്തരത്തിൽ ഓരോ ദിവസത്തേയും പ്രഭാതത്തിലെ നടത്തത്തിന്റെ ഭാഗമായി പല വീടുകളിലും ചെന്നെത്തുകയുണ്ടായി. പല പ്രശസ്തരായ വ്യക്തികളെയും കക്ഷിരാഷ്ട്രീയ ഭേദമന്യെ ചെന്നുകണ്ടു. സഹകാരികളാകേണ്ടുന്ന ആവശ്യകത അവരെ പറഞ്ഞു മനസ്സിലാക്കി. അതുവഴി അവരിൽ ആത്മവിശ്വാസം വളർത്തി.

അവരിലെ വിശ്വാസം ഉൾക്കൊണ്ട് ഭരണതലത്തിലും ഉദ്യോഗസ്ഥരിലുമുള്ള സ: മാസ്റ്ററുടെ സ്വാധീനം ഒരു സഹകരണ ബേങ്ക് പ്രദേശത്ത് സ്ഥാപിക്കുന്നതിലെത്തിച്ചു. സ: മാസ്റ്റർ പ്രസിഡണ്ടായുള്ള ഒരു പ്രമോട്ടിംഗ് കമ്മറ്റി രൂപീകരിച്ചു.

സ: മാസ്റ്ററുടെ വീടിന്നടുത്തു തന്നെ ബേങ്കിന് ഒൻപത് സെന്റ് സ്ഥലം വാങ്ങി. ഈ സ്ഥലത്ത് പിന്നീട് ഒരു കെട്ടിടം നിർമ്മിച്ചു. അങ്ങിനെ കൊമ്മേരി സർവ്വീസ് സഹകരണ ബേങ്ക് നിലവിൽ വന്നു.

അതോടെ ഈ ബാങ്ക് പ്രദേശത്തെ ജനങ്ങൾക്ക് ആശ്വാസം പകരുന്ന തരത്തിൽ പണം കടം കൊടുത്തും പണം ഡിപ്പോസിറ്റായി സ്വീകരിച്ചും ജനങ്ങളുടെ വിശ്വസ്ത സ്ഥാപനമായി വളർന്നു. രണ്ടു ബ്രാഞ്ചുകൾ പുതുതായി ആരംഭിച്ചു കഴിഞ്ഞ ബേങ്ക് അനുദിനം വളർച്ചയുടെ പാതയിലാണ്. ഈ ബാങ്കിൽ ഇതിനകം തന്നെ പാവപ്പെട്ട കുടുംബങ്ങളിലെ പലർക്കും ജോലി ലഭിക്കുകയുണ്ടായിട്ടുണ്ട്. ഇതും സ: മാസ്റ്ററുടെ ഒരഭിലാഷമായിരുന്നു എന്ന് പറയേണ്ടിയിരിക്കുന്നു.

പ്രദേശത്ത് ഒരു സഹകരണ ബേങ്ക് വന്നാൽ അനുബന്ധ സഹകരണ സ്ഥാപനങ്ങൾക്ക് അത് വഴിതുറക്കും എന്നതിന്റെ മറ്റൊരു ദാഹരണമാണ് കൊമ്മേരി കോ-ഓപ്പറേറ്റീവ് വീവിംഗ് സൊസൈറ്റി നിലവിൽ വന്നത്. അതും സ: മാസ്റ്ററുടെ സ്മരണ എന്നെന്നും നിലനിർത്തുന്ന മറ്റൊരു സ്ഥാപനമാണ്. നിരവധി പേർക്ക് ആ സ്ഥാപനം ജോലി നൽകുന്നുണ്ട്. കൂടാതെ നല്ലയിനം കൈത്തറി ഉല്പനങ്ങൾ അവിടെ നിർമ്മിച്ചു വരുന്നുമുണ്ട്. ഈ സ്ഥാപനത്തിന്റെ സ്ഥാപക പ്രസിഡണ്ട് സ: മാസ്റ്ററായിരുന്നു. ശേഷം ഏതാനും നാൾ സ്ഥാപനത്തിന്റെ പ്രസിഡണ്ടായി പ്രവർത്തിക്കാൻ എനിക്കും അവസരം ലഭിക്കുകയുണ്ടായിട്ടുണ്ട്.

ബൃഹത്തായ കർമ്മപരിപാടികൾ സഹകരണരംഗത്ത് സൃഷ്ടിക്കുക എന്നത് സ: മാസ്റ്ററുടെ ഉദ്ദേശമായിരുന്നു. അതിന്റെ ഫലമാണ് കൊമ്മേരി എണ്ണയാട്ട് സഹകരണ സംഘം, കൊടമൂളിക്കുന്നിലെ ഖാദി നൂൽ നൂൽപ്പ് കേന്ദ്രം, പിന്നെ ഫാംസ് ആന്റ് ഫീഡ്സ് എന്ന സഹകരണ സ്ഥാപനവും.

1990 ൽ കേൻസർ ബാധിതനായി സ: മാസ്റ്റർ അന്തരിച്ചിട്ടില്ലായിരുന്നുവെങ്കിൽ നമ്മുടെ പ്രദേശത്തിന്റെ വികസന കാര്യങ്ങളിലും മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ നടത്തിപ്പിലും, വികസനത്തിലും എന്നു മാത്രമല്ല പുതിയതായ സഹകരണ സംരഭങ്ങൾക്കും നേതൃത്വം നൽകാൻ സ:മാസ്റ്റർക്ക് കഴിഞ്ഞേനെയെന്നു പറയട്ടെ.

## മുൻകാല പ്രസിഡണ്ടുമാർ



ടി.എച്ച്.കെ. വാര്യർ



കോയമൊയ്തീൻ ടി.പി.



പി.ടി. കുട്ടിരാമൻ



കെ. ചെറുകുട്ടി മാസ്റ്റർ



പി. ഭരതകുറുപ്പ്

ധ്വനി
ചിങ്ങം 1191
ദുൽക്കഅദ് 1436

# സഹകരണ മേഖലയിലെ 'സഹകരണം' സംരക്ഷിക്കപ്പെടണം

കേരളത്തിൽ ആകെയും, കോഴിക്കോട് നഗരത്തിൽ പ്രത്യേകിച്ചും സഹകരണ ബേങ്കുകളുടെ മത്സരം അനാരോഗ്യകരമായ നിലയിലേയ്ക്ക് വളരുന്നുണ്ടോ എന്ന് ചിന്തിക്കുന്നത് ഉചിതമായിരിക്കുമെന്ന് തോന്നുന്നു.

സഹകരണ മേഖലയെ തകർക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ സ്ഥാപിത താല്പര്യക്കാരിൽനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നു. സഹകരണ മേഖലയുടെ സ്വതന്ത്രമായ പ്രവർത്തനത്തിനും വളർച്ചയ്ക്കും തടസ്സം സൃഷ്ടിക്കുന്ന ഇത്തരം ഇടപെടലുകൾക്കെതിരെ ഒന്നിച്ചു നിൽക്കേണ്ടതിനു പകരം ബിസ്സിനസ്സ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 'വൻകിട' പ്രാഥമിക ബേങ്കുകൾ, രാഷ്ട്രീയ സ്വാധീനവും മറ്റും ഉപയോഗിച്ച് സഹകരണതത്വത്തിന്റെ അടിസ്ഥാന നിയമങ്ങളിൽപോലും ഇളവ് നേടി, മറ്റുള്ളവരുടെ പ്രവർത്തനമേഖലയിൽ കടന്നുകയറി, അതത് പരിധിയിൽ പ്രവർത്തനാനുമതിയുള്ള സഹകരണ ബേങ്കിന് തൊട്ടടുത്ത് ഒട്ടും മടി കൂടാതെ, തങ്ങളുടെ ശാഖകൾ പ്രവർത്തിപ്പിക്കുന്നു.

ഈ അവസരത്തിൽ ജില്ലാബേങ്കിന്റെ ചില നടപടികൾ കൂടി വിമർശന ബുദ്ധ്യാവിലയിരുത്തുന്നത് നന്നായിരിക്കുമെന്ന് കരുതുന്നു. ജില്ലയിലെ പ്രൈമറി ബേങ്കുകളുടെ സംരക്ഷണം ഏറ്റെടുക്കേണ്ട അപ്പക്സ് ബേങ്കാണ് ജില്ലാസഹകരണ ബേങ്ക്. പ്രൈമറി ബേങ്കുകളാണ് അതിന്റെ മുഖ്യ ഓഹരി ഉടമകൾ. അടുത്ത കാലത്ത് റിസർവ്വ് ബേങ്കിന്റെ ചില മാനദണ്ഡങ്ങൾ കൈവരിക്കുന്നതിനായി മൂലധനം വർദ്ധിപ്പിക്കാൻ ജില്ലാബേങ്ക് നടത്തിയ ശ്രമത്തിന് രാഷ്ട്രീയ ഭേദമന്യേ എല്ലാ പ്രാഥമിക ബേങ്കുകളും പരമാവധി ഷെയർ എടുത്ത് സഹകരിച്ചു. പലവിധത്തിലുള്ള വായ്പകളും, നബാർഡ് പോലുള്ള മറ്റ് ഏജൻസികളിൽ നിന്നുള്ള സഹായങ്ങളും മറ്റും പ്രൈമറി ബേങ്കുകൾക്ക് ലഭ്യമാക്കുന്നത് ജില്ലാ ബേങ്ക് വഴിയാണ്. പരസ്പര സഹകരണത്തോടെയും, ധാരണയോടെയുമുള്ള ബന്ധമാണ് നിലനിന്നു പോരുന്നത്. എന്നാൽ നിർഭാഗ്യവശാൽ അടുത്തകാലത്ത് മത്സരത്തിന്റെ ഭാഗമായി കൂൺ മുളയ്ക്കുന്നതുപോലെ ശാഖകൾ ആരംഭിക്കുന്ന തിരക്കിലാണ് ജില്ലാബേങ്ക്. ബേങ്കിംഗ് സൗകര്യമില്ലാത്ത, മറ്റ് പ്രൈമറി ബേങ്കുകൾ ഇല്ലാത്ത, നാട്ടിൻപുറങ്ങളിലാണ് ജില്ലാ ബേങ്കിന്റെ ഇത്തരം ശാഖകൾ വരുന്നതെങ്കിൽ അതിനെ സർവ്വാത്മനാ പ്രോത്സാഹിപ്പിക്കേണ്ടതാണ്, പക്ഷെ, ഇവിടെ സ്ഥിതി അതല്ല. കൊമ്മേരി സർവ്വീസ് സഹകരണ ബേങ്ക് പരിധിയായ വളയനാട് വില്ലേജിലെ കാര്യമെടുത്താൽ ഇപ്പോൾ തന്നെ പ്രൈമറി ബാങ്കുകളുടെ ആറ് ശാഖകളും നിരവധി പ്രൈമറി സഹകരണ സംഘങ്ങളും (ഇതിന് പുറമെ ദേശസാൽകൃത ബേങ്കുകളുമുണ്ട്) പ്രവർത്തിക്കുന്നിടത്ത് ജില്ലാ ബേങ്കിന്റെ രണ്ടാമത്തെ ശാഖ സ്ഥാപിക്കുന്നതിന്റെ ഔചിത്യം മനസ്സിലാകുന്നില്ല.

ഇത്തരം സമീപനം സഹകരണമേഖലയ്ക്ക് ഗുണം ചെയ്യുമോ? എന്ന് ബന്ധപ്പെട്ടവർ പുനഃപരിശോധനയ്ക്ക് വിധേയമാക്കി സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ 'സഹകരണം' സംരക്ഷിക്കപ്പെടേണ്ടതാണ്. ●

# കുറഞ്ഞ പലിശ നിരക്കുമായി കൊമ്മേരി സർവ്വീസ് സഹകരണ ബേങ്കിന്റെ വിവിധ വായ്പാ പദ്ധതികൾ



**പലിശ നിരക്ക് 7 മുതൽ 13.5% വരെ**

**15 ലക്ഷം രൂപ വരെ വായ്പ ലഭിക്കുന്നു**

**3 ലക്ഷം രൂപ വായ്പക്ക് 12.5% മാത്രം പലിശ**

## ഗുണവർദ്ധിനി വായ്പ

നിങ്ങളുടെ സ്വത്തിന്റെ മൂല്യം വർദ്ധിപ്പിക്കുന്നത് ഗുണവർദ്ധിനിവായ്പകൾ അനായാസകരമാക്കുന്നു. വാസഗൃഹത്തിന്റെ പുനരുദ്ധാരണത്തിനോ പുതിയ വസ്തുവഹകൾ വാങ്ങുന്നതിനോ ഇത്തരം വായ്പകൾ ഉടപാടുകാരനെ സഹായിക്കുന്നു. പണയപ്പെടുത്തുന്ന വസ്തുവിന്റെ ആധാരവും അനുബന്ധ രേഖകളും ഹാജരാക്കിയാൽ 15 ദിവസത്തിനുള്ളിൽ വായ്പകൾ അപേക്ഷകന് ലഭ്യമാക്കുന്നു. 5 വർഷത്തെ കാലാവധിയുള്ള ഇത്തരം വായ്പകൾ വാങ്ങുന്ന തുകയുടെ അടിസ്ഥാനത്തിൽ വിവിധ നിരക്കിലുള്ള പലിശയോടെ പ്രതിമാസ തുല്യതവണകളായോ സാധാരണ കുറഞ്ഞുവരുന്ന തവണകളായോഅടച്ചുതീർക്കാവുന്നതാണ്.

**വിവിധ പലിശ നിരക്കുകൾ**

3 ലക്ഷം രൂപവരെ 12.5%
7 ലക്ഷം രൂപവരെ 13%
10 ലക്ഷം രൂപവരെ 13.5%



## ഭവനമിത്ര വായ്പ

സ്വന്തംവീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്ന ഭവനമിത്രവായ്പകൾ 10 വർഷ കാലാവധിയിൽ 15 ലക്ഷംരൂപവരെ തിരിച്ചടവ് ശേഷിക്കനുസരിച്ച് ലഭ്യമാണ്. നിർമ്മാണചിലവിന്റെ 90%വരെവായ്പ നൽകുന്നു.

**വിവിധ പലിശ നിരക്കുകൾ**

5 ലക്ഷം രൂപവരെ 12.5%
10 ലക്ഷം രൂപവരെ 13%
15 ലക്ഷം രൂപവരെ 13.5%

## കുടുംബമിത്ര വായ്പ

കുടുംബശ്രീ അംഗങ്ങൾക്ക് പരസ്പര ജാമ്യത്തിൽ 50000 രൂപ വരെ നൽകുന്ന കുടുംബമിത്രവായ്പകൾ സാധാരണ വീട്ടമ്മമാരെ കുബേരൻമാരിൽ നിന്ന് രക്ഷിക്കുന്നു. 12.5% പലിശനിരക്കിൽ ലഭ്യമാകുന്ന കുടുംബമിത്ര വായ്പകളുടെ കാലാവധി 36 മാസതവണകളാണ്. പ്രതിമാസ തുല്യ തവണകളായി അടയ്ക്കാവുന്നതാണ്.



## കർഷകമിത്ര വായ്പ

ജൈവകൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി കർഷകർക്കും വീട്ടമ്മമാർക്കും 5000രൂപവരെ പലിശരഹിതമായി അടുക്കളതോട്ട നിർമ്മാണത്തിന് ഒരു വർഷ കാലാവധിയിൽ അനുവദിക്കുന്നു. വിളവായ്പാ തോത് അനുസരിച്ച് കർഷകർക്ക് 50,000 രുപ വരെ 7% പലിശക്ക് 12 മാസം കാലാവധിയിൽ അനുവദിക്കുന്നു. 'കർഷകമിത്ര സ്വർണ്ണപണയവായ്പകൾ' ഒരു ലക്ഷം രൂപ വരെ ഒരു വർഷ കാലാവധിയിൽ അനുവദിക്കുന്നു.

## സ്വർണ്ണമിത്ര വായ്പ

ആവശ്യങ്ങൾ എന്തുതന്നെ ആകട്ടെ ഉടനടി നിറവേറ്റുന്നതിന് സഹായിക്കുന്ന സ്വർണ്ണമിത്ര വായ്പകൾ പണയപ്പെടുത്തുന്ന ആഭരണത്തിന്റെ മൂല്യത്തിനനുസരിച്ച് 10 ലക്ഷം രുപവരെ ഒരു വർഷ കാലാവധിയിൽ വെറും 11% പലിശക്ക് ലഭിക്കുന്നു.



## സ്വയംതൊഴിൽ വായ്പ

കുടുംബശ്രീ അംഗം ഉൾപ്പെടുന്ന കുടുംബത്തിന് തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിന് സി.ഡി.എസ്. അംഗീകാരത്തോടെ വായ്പകൾ നൽകുന്നു.
60 മാസം കാലാവധിയുള്ള ഇത്തരം വായ്പകൾ 12% പലിശക്ക് കാലതാമസം കൂടാതെ നൽകുന്നു.

## സംഘമിത്ര വായ്പ

സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങളുടെ വ്യക്തിഗത ആവശ്യങ്ങൾക്കും സംഘങ്ങൾക്ക് കൂട്ടുസംരഭംങ്ങൾ ആരംഭിക്കുന്നതിനും പരമാവധി 5 ലക്ഷം രൂപവരെ 60മാസം കാലാവധിയുള്ള വായ്പകൾ സ്വയം സഹായ സംഘങ്ങൾ 12.5% പലിശക്ക് നൽകുന്നു.

## ക്യാഷ്ക്രെഡിറ്റ് വായ്പ

സംരഭകർക്കും കച്ചവടക്കാർക്കും 10 ലക്ഷം വരെ വായ്പ നൽകുന്നു.

**വിവിധ പലിശ നിരക്കുകൾ**

5 ലക്ഷം രൂപവരെ 12.5%
10 ലക്ഷം രൂപവരെ 13%

## ലിങ്കേജ് വായ്പ

കുടുംബശ്രീകൾക്ക് 5 ലക്ഷംരൂപവരെ 12% പലിശ നിരക്കിൽ അംഗങ്ങളുടെ വിവിധ ആവശ്യങ്ങൾക്കും കൂട്ടുസംരഭങ്ങൾ തുടങ്ങുന്നതിനും 60 മാസകാലയളവിൽ വായ്പ നൽകുന്നു.



## വാഹന വായ്പ

ഇരുചക്രവാഹനങ്ങൾക്ക് പരമാവധി 50,000രൂപവരെ 36 മാസകാലയളവിൽ 12.5% പലിശനിരക്കിൽ നൽകുന്നു. മറ്റു വാഹനങ്ങൾക്ക് 10 ലക്ഷം രുപവരെ 7 വർഷ കാലയളവിൽ വായ്പ നൽകുന്നു.




## മഹിളാമിത്ര വായ്പ

വളയനാട് വില്ലേജിൽ സ്ഥിര താമസക്കാരായ സ്ത്രീകൾക്ക് പരസ്പര ജാമ്യത്തിൽ 20,000 രുപവരെ നൽകുന്ന മഹിളമിത്ര വായ്പകൾ സാധാരണ വീട്ടമ്മമാരെ കുബേരൻമാരിൽ നിന്ന് രക്ഷിക്കുന്നു. 12.5% പലിശനിരക്കിൽ ലഭ്യമാകുന്ന മഹിളമിത്ര വായ്പകളുടെ കാലാവധി 36 മാസ തവണകളാണ്. പ്രതിമാസ തുല്യതവണകളായും അടക്കാവുന്നതാണ്.

## തയ്യൽ മെഷിൻ വായ്പ

തയ്യൽ മെഷിനുകൾക്ക് പരമാവധി 15,000 രൂപവരെ 24 മാസ കാലയളവിൽ 12.5% പലിശ നിരക്കിൽ നൽകുന്നു.






# കുടുംബശ്രീ വിജയഗാഥ



അജയകുമാർ എ.എം.
amarharitham@gmail.com
സെക്രട്ടറി

അണുകുടുംബമായി വിഭജിച്ച് മത്സരത്തിന്റെയും പൊരുത്തക്കേടുകളുടേയും കേളീരംഗമായ കൈരളിയെ ഒരുമയുടേയും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റേയും ഉറവവറ്റാത്ത മഹാപ്രവാഹമാക്കി നിലനിർത്തുകയാണ് കുടുംബശ്രീ കൂട്ടായ്മ. സ്ത്രീകളുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിലൂടെ കുടുംബ ബന്ധങ്ങളുടെ ശാക്തീകരണത്തിനും തദ്വാര ദാരിദ്ര്യ നിർമാർജനത്തിനും അതിർവരമ്പുകളില്ലാത്ത കാരുണ്യ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിന്റെ ഐക്യത്തിന്റെ കാവലാളാവുകയാണ് സംഘശക്തിയുടെ ഈ മഹാ പ്രസ്ഥാനം.

കൊമ്മേരി സർവ്വീസ് സഹകരണ ബേങ്കും കുടുംബശ്രീയും തമ്മിൽ അഭേദ്യമായ ബന്ധമാണ് നിലവിലുള്ളത്. വളയനാട് വില്ലേജിലെ മുഴുവൻ കുടുംബശ്രീ അംഗങ്ങൾക്കും വ്യക്തിഗത വായ്പ ഉദാരമായ വ്യവസ്ഥകളോടെ ബേങ്ക് നൽകുന്നുണ്ട്. സി.ഡി.എസ്. അംഗീകരിച്ചു നൽകുന്ന മുഴുവൻ ലിങ്കേജ് വായ്പകളും കുടുംബശ്രീ അംഗങ്ങളുടെ കുടുംബാംഗങ്ങൾ ആരംഭിക്കുന്ന സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനാവിശ്യമായ വായ്പകളും ബേങ്ക് നൽകുന്നുണ്ട്. കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനത്തിലൂടെ 7 കോടിയോളം രൂപ വിവിധ വായ്പകളിലൂടെ കുടുംബശ്രീ അംഗങ്ങൾക്ക് ബേങ്ക് വിതരണംചെയ്തിട്ടുണ്ട്. ഇതിന് സഹായിച്ച സി.ഡി.എസ്. ചെയർപേഴ്സൺ കെ.ബീന, റിസോഴ്സ് പേഴ്സൺ ടി. ഷിത, എ.ഡി.എസ്. ചെയർപേഴ്സൺമാരായ ശോഭനരാമചന്ദ്രൻ, ശ്രീജയ, ഷിംന, അജിത, അംബുജം, ഉഷ എന്നിവരുടേയും മറ്റ് എ.ഡി.എസ്. ഭാരവാഹികളുടെയും എക്സിക്യൂട്ടിവ് കമ്മറ്റി അംഗങ്ങളുടേയും സഹായത്തിന് ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തികൊള്ളുന്നു.

സഹകരണവകുപ്പിന്റെ സുവർണ്ണ കേരളം പദ്ധതിനടത്തിപ്പിലും, മറുനാടൻ പച്ചക്കറിവിഷയത്തിൽ നിന്നും മലയാളിയെ രക്ഷിക്കുന്നതിന് ബേങ്ക് ആവിഷ്കരിച്ച ജൈവപച്ചക്കറി കൃഷിയുടെ വ്യാപനത്തിലും കുടുംബശ്രീയുടെ പ്രവർത്തനം മാതൃകാപരമാണ്. നമ്മുടെ വില്ലേജിനെ സമ്പൂർണ്ണ മാലിന്യ വിമുക്തമാക്കുന്നതിന് ബേങ്ക് വിവിധ എജൻസികളുമായി സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതികളിലും നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാൻ കഴിയും. 2016-17 വർഷത്തോടെ വളയനാട് വില്ലേജിലുള്ള വീടുകളിലെ മുഴുവൻ അംഗങ്ങളെയും ബേങ്കിന്റെ ഇടപാടുകാരാക്കി മാറ്റുന്നതിനും കൂട്ടായ പ്രവർത്തനത്തിലൂടെ കഴിയാവുന്നതാണ്. വസന്തത്തിന്റെ ഇടിമുഴക്കങ്ങളും, പുത്തൻ പുലരികളുടെ സുവർണ്ണ രാജികൾ വിടരുമെന്നും മറ്റുള്ളവന്റെ ശബ്ദം സംഗീതം പോലെ ആസ്വദിക്കുവാൻ കഴിയുന്ന കാലം തീർച്ചയായും വരുമെന്നും നൻമയുടെ ഈ ആഘോഷ വേളയിൽ നമുക്ക് ഉറപ്പായും പ്രത്യാശിക്കാം.

ഭൂമിയിൽ സ്വർഗം രചിക്കുവാൻ ശ്രമിച്ച ചക്രവർത്തിക്ക് പ്രണാമങ്ങളർപ്പിച്ചുകൊണ്ട് സ്നേഹഗാഥയുടെ കുടുംബശ്രീ പ്രവർത്തകർക്കും മറ്റെല്ലാ സുമനസ്സുകൾക്കും പൊന്നോണ പുലരിയിൽ ആശംസകൾ... ●







**എം.എൽ. ആന്റണി**
വൈസ് പ്രസിഡണ്ട്
(വളയനാട് വില്ലേജ്
കർഷക സമിതി, ചെയർമാൻ)

# വിഷരഹിതമായ ജൈവപച്ചക്കറി കൃഷിയെ പ്രോത്സാഹിപ്പിക്കുക

കേരളത്തിലെ ക്ഷയോന്മുഖമായ കാർഷികമേഖല പുനർജ്ജീവിപ്പിക്കുന്നതിനും വൻകുതിപ്പിലേക്ക് നയിക്കുന്നതിനുമുള്ള സുദൃഢമായ കാൽവെയ്പ്പാണ് ജനകീയ ജൈവപച്ചക്കറികൃഷിക്യാമ്പയിൻ. ജൈവ പച്ചക്കറികൃഷിയെപ്പറ്റിയുള്ള അവബോധം നാട്ടിൽ ബലപ്പെട്ടു വരികയാണ്. വിഷം പുരളാത്ത പച്ചക്കറികൾ ഉൽപാദിപ്പിക്കാൻ പലതലങ്ങളിലും നടക്കുന്ന പരിശ്രമങ്ങളുടെ ഫലമാണിത്.

കൃഷിയെ സ്നേഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന പ്രബുദ്ധരായ ജനത ഈ സംരഭം തുറന്ന മനസ്സോടെ ഏറ്റെടുക്കുമെന്ന് ഉറപ്പാണ്.

നിരവധി ജനകീയ മുന്നേറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ച കേരളീയ സമൂഹം ആഗ്രഹിച്ചിരുന്ന ഒന്നാണ് കൃഷിയിലെ ബൃഹത്തായ ഇടപെടൽ.

ഈ സംരംഭത്തിൽ കൊമ്മേരി സർവ്വീസ് സഹകരണ ബേങ്കും തങ്ങളാലാവുന്നത് ചെയ്യുവാൻ ശ്രമിക്കുകയാണ്. അതിന്റെ ഭാഗമായി വളയനാട് വില്ലേജിൽ ബേങ്കിന്റെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടുകൂടി വളയനാട് വില്ലേജ് കർഷകസമിതി രൂപീകരിക്കുകയും, വാർഡുകൾതോറും കർഷകസമിതികൾ രൂപീകരിച്ച് പ്രവർത്തിച്ചു വരികയുമാണ്.

ഈ ഉദ്യമത്തിൽ നമുക്കോരോരുത്തർക്കും തങ്ങളുടെ കഴിവിനനുസരിച്ച് പങ്ക് വഹിക്കാൻ കഴിയണം. നമ്മുടെ മട്ടുപ്പാവുകളും, വീട്ടുമുറ്റവും, അടുക്കളഭാഗത്തെ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളും കൃഷിയിടങ്ങളാക്കാൻ ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ●

## ജൈവ പച്ചക്കറികൃഷി വിത്തുകൾ വിതരണം ചെയ്തു




ജൈവ പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൊമ്മേരി സർവ്വീസ് സഹകരണ ബേങ്ക് പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു. ജൈവ പച്ചക്കറി കൃഷി – മഴക്കാല പച്ചക്കറി കൃഷി ഏകദിന ശിൽപശാലയിൽ പങ്കെടുത്ത 200ൽ പരം പ്രതിനിധികൾക്കുള്ള സൗജന്യ പച്ചക്കറി വിത്ത് വിതരണം, കൗൺസിലർ സൗദാമിനി ടീച്ചർക്ക് നൽകി കൊണ്ട് ശ്രീ. കാനങ്ങോട്ട് ഹരിദാസൻ നിർവ്വഹിച്ചു. ബേങ്കിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ച വളയനാട് വില്ലേജ് കർഷക സമിതിയുടെ നേതൃത്വത്തിൽ വിവിധ വാർഡുകൾ കേന്ദ്രികരിച്ച് കൃഷിയിൽ താൽപര്യമുള്ള സംഘടനകൾ, വ്യക്തികൾ എന്നിവർക്ക് 30 രൂപ വിലയുള്ള വിത്തുകൾ 10 രൂപ നിരക്കിൽ ബേങ്ക് വിതരണം ചെയ്തു.

കേരളകൗമുദി
ജൂൺ 6, 2015




## പച്ചക്കറി കൃഷി ചെയ്യാൻ പണം കടം തരാം; പലിശ വേണ്ട

കോഴിക്കോട്: എന്നാലെങ്കിലും കൈക്കോട്ടുമായി പാടത്തോ പറമ്പിലോ ഇറങ്ങട്ടെ. പച്ചക്കറി കൃഷി ചെയ്യാൻ പണം കടം തരാം. പലിശ വേണ്ട! നാട്ടിൽ ജൈവപച്ചക്കറി പ്രോൽസാഹിപ്പിക്കാൻ പലിശയില്ലാതെ വായ്പ നൽകുന്ന പദ്ധതിയെക്കുറിച്ച് ആലോചിക്കുകയാണ് കൊമ്മേരി സർവ്വീസ് സഹകരണ ബാങ്ക്. അയ്യായിരം രൂപ വരെ വായ്പ കൊടുക്കാനാണ് ആലോചിക്കുന്നതെന്ന് ബാങ്ക് സെക്രട്ടറി എ.എം. അജയകുമാർ കേരളകൗമുദിയോട് പറഞ്ഞു.

ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈ വരിക്കുകയാണ് ബാങ്കിന്റെ ലക്ഷ്യം.

ഇതിന്റെ ആദ്യപടിയായി ജൈവ പച്ചക്കറി കൃഷിയെക്കുറിച്ച് കൃഷി വകുപ്പിന്റെ സഹകരണത്തോടെ ഏകദിന ശില്പശാല നടത്തി. ആഴ്ചവട്ടം ഗവ.ഹയർ സെക്കൻഡറി സ്കൂളിലാണ് ശില്പശാല നടന്നത്. കൃഷി വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ ഷീല എസ്.ഉദ്ഘാടനം ചെയ്തു. ബാങ്ക് പ്രസിഡന്റ് വി. മധുസൂദനൻ നായർ അദ്ധ്യക്ഷതവഹിച്ചു. കൃഷി ഓഫീസർമാരായ എ.ഇസ്മായിൽ, രാജൻ, നിറവിന്റെ കോ-ഓർഡിനേറ്റർ ബാബു വേങ്ങേരി എന്നിവർ ക്ലാസ്സെടുത്തു.



ഭരണ സമിതിയുടെ അംഗീകാരം ലഭിച്ചാൽ പദ്ധതി ഉടൻ നടപ്പാക്കും. 30 രൂപ വിലയുള്ള വിത്തുകളുടെ പായ്ക്കറ്റ് സബ്സിഡിയോടെ പത്ത് രൂപക്ക് നൽകുന്ന പദ്ധതി ആരംഭിച്ചു കഴിഞ്ഞു. വളയനാട് വില്ലേജിൽ നാല് പതിറ്റാണ്ടായി പ്രവർത്തിക്കുന്ന കൊമ്മേരി സർവീസ് സഹകരണ ബാങ്കിന് 14,000ത്തിലേറെ മെമ്പർമാരാണുള്ളത്. മേത്തോട്ട്താഴത്താണ് ഹെഡ് ഓഫീസ്. മാങ്കാവിലും കിണാശ്ശേരിയിലും ബ്രാഞ്ചുകളും ഉണ്ട്.

വിഷപച്ചക്കറി നിയന്ത്രിക്കുന്നതിന് ഫലപ്രദമായ നടപടികളൊന്നും സർക്കാർ കൈക്കൊള്ളാത്ത സാഹചര്യത്തിൽ ബാങ്കിന്റെ പരിധിലുള്ള മുഴുവൻ വീടുകളിലും അടുക്കളത്തോട്ടം സ്ഥാപിച്ച് പച്ചക്കറി

മഴക്കാല പച്ചക്കറി വീട്ടുമുറ്റത്ത്, കൃഷി വകുപ്പിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും വിവിധ പദ്ധതികളും സബ്സിഡികളും, ജൈവകൃഷിയുടെ ആവശ്യകതയും കൃഷിരീതികളും, ജൈവപച്ചക്കറികൃഷിയും മാലിന്യ സംസ്കരണവും എന്നീ വിഷയങ്ങളിലാണ് ക്ലാസ് നടന്നത്. പ്രതിനിധികളുടെ പ്രതികരണങ്ങൾക്ക് ശേഷം ബാങ്ക് സെക്രട്ടറി എ.എം. അജയകുമാർ കമ്മിറ്റി രൂപീകരണ നിർദ്ദേശം നൽകി. ബാങ്ക് വൈസ് പ്രസിഡന്റ് എം.എൽ. ആന്റണി സ്വാഗതവും ഡയറക്ടർ എൻ. അശോക് കുമാർ നന്ദിയും പറഞ്ഞു.

# നമുക്കു വളർത്താം തനി നാടൻ പച്ചക്കറികൾ

**ഷീല എസ്.**
കൃഷി അസിസ്റ്റന്റ് ഡയറക്ടർ
കൃഷി വകുപ്പ്, കോഴിക്കോട്



കേരളം ജൈവകൃഷി വിപ്ലവത്തിന് തയ്യാറെടുക്കുകയാണ്. ജൈവ കൃഷിയിലുള്ള താല്പര്യം സമൂഹത്തിന്റെ എല്ലാ തട്ടുകളിലെ സംഘടനകളും ഏറ്റെടുത്തിരിക്കുന്നത് വളരെ സ്വാഗതാർഹം തന്നെയാണ്. കർഷകഗ്രൂപ്പുകൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ, ബോങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ അങ്ങിനെ എല്ലാവരും മണ്ണും, നമ്മുടെ ജൈവവൈവിധ്യം സംരക്ഷിക്കേണ്ടതും ഭക്ഷ്യസുരക്ഷ ഉറപ്പാക്കേണ്ടതുമാണ്. ഇതിൽ നമ്മളിൽനിന്ന് അകന്നുപോകുന്നു എന്നു തോന്നുന്ന ഏതാനും തനിനാടൻ പച്ചക്കറിയിനങ്ങളെ പരിചയപ്പെടാം.

ഇവ ഈ കൂട്ടായ്മയിൽ ഇടം ചേർന്നാൽ ജൈവ കൃഷിയിൽ ഹരിതവിപ്ലവമോ എന്ന ചോദ്യത്തിന് ഉത്തരമായി. നമ്മുടെ കാലാവസ്ഥയും മണ്ണിനും യോജിച്ച ഒട്ടനവധി പച്ചക്കറിയിനങ്ങൾ മറന്നിട്ട് സുരക്ഷിത പച്ചക്കറി ഉല്പാദനം സാധ്യമല്ല. ആയതിനാൽ ഇവയെ സംരക്ഷിക്കുന്നതിനും പ്രചരിപ്പിക്കുന്നതിന് കർഷക കൂട്ടായ്മകളും സംഘടനകളും മുന്നോട്ടുവരണം.

കോഴിക്കോട് സൗത്ത് നിയോജക മണ്ഡലം അടിസ്ഥാനത്തിൽ നടത്തിയ നാടൻ പച്ചക്കറി വിത്തുകളുടെ പ്രദർശനത്തിൽ കർഷകരുടെ അംഗീകാരം പ്രത്യേകം നേടിയിരുന്നു. ഈ വിവരണം ഇനിയും പൂർണ്ണമാക്കുന്നതിന് ആവശ്യമായ അറിവുകൾ പങ്കിടണമെന്ന് ആശിച്ചുകൊണ്ട് അവയിൽ ചിലവ പരിചയപ്പെടുത്തുകയാണ്.



### നാടൻചീര

ഇലക്കറിയിനത്തിൽ ഒന്നാമൻ എന്ന് വിശേഷിപ്പിക്കാവുന്നതാണ് നാടൻ ചീര (കൂപ്പച്ചീര) പേരുകൊണ്ട് വിഷമം തോന്നുമെങ്കിലും ഈയിനത്തിന്റെ വിത്ത് ഇപ്പോൾ സംഭരിക്കുകയല്ലാതെ വാങ്ങാൻ സാധ്യമല്ല. മഴക്കാലത്ത് പുരയിടങ്ങളിൽ മുളച്ചു കണുന്ന പച്ചനിറത്തിലെ ചീരയിനമാണ് ഇത്. ഡിസംബർ മാസത്തോടെ പൂവിട്ട് വിത്ത് ഉണ്ടാകും. ജനുവരി-ഫിബ്രുവരി മാസത്തിൽ സംഭരിച്ച് സൂക്ഷിച്ച് കൃഷിയായി വളർത്താവുന്നതാണ്.

കീടങ്ങളോ രോഗങ്ങളോ ഇല്ലാത്ത പ്രകൃത്യാതന്നെ പ്രതിരോധ ശേഷിയാർജിച്ചവയാണ് ഈയിനം. മണ്ണിലെ ഈർപ്പവും മഴവെള്ളത്തിന്റെ ഊർജവും സംഭരിക്കുന്നതിലുപരി നട്ടുവളർത്തുമ്പോൾ താവരണ നിർമ്മിച്ച് പാകി 3-4 ഇലപരുത്തിൽ പറിച്ചുനടാം. സാധാരണ ചീരക്ക് ഉപയോഗിക്കുന്ന കാലിവളവും ഒരുസെന്റ് 40 കിലോ ജൈവ വളം മാത്രം നൽകിയാൽ മതി. ചെറിയ മുത്ത് ഉള്ളതിനാൽ ഇതിനെ മുത്തൻചീരയെന്നു വിളിക്കപ്പെടുന്നു. വേരോടെ പീഴുത് വിളവെടുപ്പ് നടത്താതെ തണ്ട് ഒടിച്ച് ഉപയോഗിക്കുന്നതിന് വിളവ് കൂട്ടുന്നതിനും അടുത്ത കൃഷിക്ക് വിത്ത് സംഭരിക്കുന്നതിനും സാധിക്കുന്നു.

### മുരിങ്ങ

ചെടിമുരിങ്ങ, മീറ്റർ മുരിങ്ങ എന്നീ ഓമന പേരുള്ള മുരിങ്ങയിനത്തിൽനിന് വേറിട്ട നാടൻയിനം നമ്മുടെ ഓർമ്മയിൽ കാണും. അധികം നീളം ഇല്ലാത്ത വണ്ണംകൂടിയ കായ്കൾ തരുന്ന നാടൻയിനം. ഈയിനത്തിൽ കായ്കൾ കറികൾക്ക് ഉപയോഗിക്കുന്നതിന് പുറം തൊലി ചുരണ്ടി കളയേണ്ടതില്ല പുറം തൊലിക്ക് മണ്ണിന്റെ നിറമാണ്. വീടിനോട് ചേർത്തോ തൊടിയിലെ നല്ല വെയിൽ കിട്ടുന്ന സ്ഥലത്ത് നട്ട് പിടിപ്പിക്കാം. അധികം പൂക്കുന്നതിന് വരണ്ട കാലാവസ്ഥ ആവശ്യമില്ലാത്തയിനമായതിനാൽ നിറയെ കായ്കൾ നമ്മുടെ കാലവസ്ഥയിൽ ലഭിക്കും. കായ്കൾ മാത്രമല്ല ഇലയും നല്ല ഇലക്കറിയായി ഉപയോഗിക്കാവുന്നതാണ്. നടുന്നതിന് ഒരു മീറ്റർ വലുപ്പത്തിലുള്ള തണ്ടുകളും വിത്തുകളും ഉപയോഗിക്കാവുന്നതാണ്. വിത്തുകൾ പാകിമുളപ്പിച്ച് നട്ടുവളർത്തണം. തണ്ടുകൾ മുളച്ചതിനു ശേഷം ചാണകപ്പൊടിയും / എല്ലുപ്പൊടിയും/ കംപോസ്റ്റ്/ സ്ലറി എന്നിവ നൽകാവുന്നതാണ്.



### മത്തൻ

6-7 കിലോ വരെ തൂക്കം വരുന്ന ചന്ദനനിറത്തിലുള്ള കായ്കൾ നൽകുന്നതാണ്. നാടൻ മത്തൻ. ഏതു സമയത്തും വിളയിക്കാവുന്നതാണ്. ആൺ പൂക്കളാണ് അധികം ആദ്യം വരാറുള്ളത്. പെൺപുവുകൾ എണ്ണത്തിൽ കുറയുന്നതുമായയിനമാണ്. എന്നാൽ പൂക്കളും ( ആൺപൂവും) ഇലകളും, തണ്ടുകളും കറികൾക്ക് ഉപയോഗിക്കുന്നതുമൂലം കൂടുതൽ ശാഖപ്പെടുന്നതിനും, പെൺ പൂക്കൾ കൂടുതൽ ഉണ്ടാവുന്നതിനും കാരണമാകുന്നു. പാരാഗണം നടന്ന കായ്കൾ പേപ്പർ കവർ കൊണ്ടോ ഉണങ്ങിയ ഇലകൾ കൊണ്ടോ അല്പം ചാരം വിതറിയശേഷം (വെണ്ണീർ) മൂടിയിടേണ്ടതാണ്. ആദ്യദിശകളിലും മഴക്കാലത്തും ഈ സംരക്ഷണം ആവശ്യമാണ്. കായീച്ചകളിൽ നിന്നും രക്ഷപ്പെടുത്തുന്നതിനാണ് ഈ കവചം. ഈയിനത്തിന് നന്നായി മൂത്തകായ്കൾ (തട്ടുമ്പോൾ കട്ടിയുള്ള ലോഹപാത്രത്തിന്റേതു പോലുള്ള ശബ്ദം) പറിച്ച് സംഭരിച്ച് 3, 4 മാസം വരെ സൂക്ഷിക്കാം. ചാണകപ്പൊടി, കംപോസ്റ്റ്, വെണ്ണീർ എന്നിവ ധാരാളം നൽകാവുന്നതാണ്. മുൻകാലങ്ങളിൽ വെണ്ണീർ പുരകൾ, തൊഴുത്ത് എന്നിവ ഓല മേഞ്ഞ മേൽക്കുരകൾ ആയിരുന്നു. ഈ ഷെഡുകളിലേക്ക് പടർത്തി നല്ലവിളവ് കിട്ടുന്നയിനവുമാണ്.

### നെയ്കുമ്പളം

ചെറിയ തരത്തിലുള്ള നാടൻ കുമ്പളങ്ങ വിളയുമ്പോൾ വെള്ളപ്പൊടി തൂവിയതു പോലെ കാണാം. ആഗസ്റ്റ് – സെപ്തംബർ മാസങ്ങളിൽ വിത്ത് പാകി നമ്മുടെ പറമ്പിലെ പാഴ് മരത്തിൽ (പ്ലാവ്, മാവ് എന്നിവയ്ക്ക്) കയറ്റി വളർത്താം. കൂടാതെ പന്തലൊരുക്കിയും വളർത്താം.

അധികം പരിചരണം ആവശ്യമില്ലാത്ത ഇവയിൽ കായ്കൾ നിറയുന്നത് കാണാൻ നല്ല ചന്തമാണ്. നെയ് എന്ന് നാം വിശേഷിക്കുന്നത് അത്രയേറെ രുചികരമായതിനാലാണ്. മൂപ്പെത്താതെയും കായ്കൾ വിളവെടുക്കാം. ഇളം തണ്ടുകളും ഇലകളും കറിക്ക് നല്ലതാണ്. നന്നായി മൂത്ത് പാകമെത്തിയ കായ്കൾ 4-5 മാസം വരെ സൂക്ഷിക്കാം.

### വെള്ളരി (നാടൻ മഞ്ഞനിറം)

സെപ്തംബർ മാസം മുതൽ കൃഷിയിറക്കാം 2മീ x1.5 മീ അകലത്തിൽ തടമെടുത്ത് തടത്തിൽ 2-3 വിത്ത് നടാം. തടത്തിൽ 3-4 കിലോ കാലി വളം, കോഴി വളം, കമ്പോസ്റ്റ് എന്നിവയോ 1 കിലോ മണ്ണിര കമ്പോസ്റ്റ്/ കടലപിണ്ണാക്ക് / എല്ലുപ്പൊടി എന്നിവയോ അടിവളമായി നൽകേണ്ടതുണ്ട്. പൂവിട്ടുതുടങ്ങുമ്പോൾ മുതൽ രണ്ടാഴ്ചയിലൊരിക്കൽ വെണ്ണീർ, കാലിവളം എന്നിവ മാറ്റി മാറ്റി തടത്തിൽ ചേർക്കുക. വെള്ളരി വർഗ്ഗങ്ങളിൽ ഇളം തണ്ടുകളിൽ വെണ്ണീർ വിതറുന്നത് കീടങ്ങളെ അകറ്റി നിർത്തുന്നതിന് സാധിക്കുന്നു.



### ചുരങ്ങ / പീച്ചങ്ങ

ചുരങ്ങ/ പീച്ചങ്ങ മെയ് മുതൽ ഡിസമ്പർ മാസം വരെ കൃഷിയിറക്കാം. 2മീ x 2മീ അകലം വേണം. മറ്റ് കൃഷി മുറകൾ വെള്ളരിയുടേതുപോലെ ചുരങ്ങയും പീച്ചങ്ങയും വെള്ളരിയിൽ നിന്നും വേറിട്ട് നിൽക്കുന്നത് പന്തൽ കൃഷി രീതിയിലായതിനാലാണ്. കായ്കൾ കൂടുതൽ ഉണ്ടാവുന്നതിനും പരിചരിക്കുന്നതിനും പന്തലിൽ വളർത്തുന്നതാണ് നല്ലത്.



### നിത്യവഴുതിന

ഒരു ദീർഘകാല പച്ചക്കറിയെന്ന് വിശേഷിപ്പിക്കാൻ സാധിക്കുന്നില്ലെങ്കിലും പാവൽ, പടവലം എന്നിവയേക്കാളും ആയുസ് കൂടിയതാണ്. പേര് പോലെ തന്നെ പൂവിൽ നിത്യവും കായ്ഫലം നൽകുന്നു. വിത്ത് നട്ട് പന്തലൊരുക്കി വളർത്താം. കായ്കൾ ഗ്രാമ്പു മൊട്ടിനോട് സാമ്യമുള്ളതാണ്.

### കോവൽ

പുരാണങ്ങളിൽ പോലും പരാമർശിക്കുന്ന ഒരു പച്ചക്കറിയാണ് കോവൽ. മഴകാലത്ത് കായ് ഉണ്ടാവുന്നത് കുറഞ്ഞും വേനൽക്കാലത്ത് നന്നായി കായ്കൾ ഉണ്ടാവുകയും ചെയ്യുന്നു. കീട രോഗപ്രതിരോധ ശേഷിയുള്ളവയാണ്. പച്ചക്കറിയിനത്തിൽ മാത്സ്യം (പ്രോട്ടീൻ) കൂടുതലുള്ള, പയർ വിളകളെ അപേക്ഷിച്ച് രണ്ടാം സ്ഥാനമുള്ള പച്ചക്കറിയാണ്. മൂത്തവള്ളികൾ മുറിച്ച് നടാവുന്നതാണ്. തടത്തിൽ കാലിവളം / കമ്പോസ്റ്റ്/ മണ്ണിരകമ്പോസ്റ്റ് / എല്ല്പ്പൊടി എന്നിവ അടിവളമായി നൽകണം. പുളി രസംകൂടുതലുള്ള മണ്ണിന് തടം ഒന്നിന് 500ഗ്രാം കുമ്മായം നൽകാവുന്നതാണ്. ടെറസ്സിലും നന്നായി സൂര്യപ്രകാശം ലഭിക്കുന്ന സ്ഥലങ്ങളിലും ചെറിയതരത്തിലുള്ള പന്തലൊരുക്കി വളർത്താവുന്നതാണ്.

### ചതുരപ്പയർ

ആഗസ്റ്റ് മാസം വിത്ത് നടാം. മഞ്ഞുകാലത്ത് പുഷ്പിക്കുകയാണ് രീതി. ഡിസംബർ മാസത്തിൽ കായികവളർച്ച നേടുന്ന ചെടികൾ നന്നായി പൂവിടുകയും കായ്ക്കുകയും ചെയ്യുന്നു. മറ്റൊരു പ്രത്യേകത ഒരുവർഷം കൃഷിയിറക്കിയാൽ ഏകദേശം മെയ് ജൂൺ മാസത്തോടെ വിളവ് നിന്ന് ചെടി ഉണങ്ങുകയും അതേ ചുവടിൽ നിന്നും (കായിക പ്രജനനം) അടുത്തവർഷം ജൂലൈമാസത്തോടെ ചെടി വീണ്ടും മുളച്ചു പൊങ്ങും. പ്രകൃതിയുടെ പ്രത്യേക പരിഗണന നമുക്കു ഇതിൽ കാണാൻ കഴിയും.

### അമര (ചുവപ്പ്, പച്ച ഇനങ്ങൾ)

വടക്കൻ കേരളത്തിന് ഒഴിച്ചുകൂടാൻ പറ്റാത്ത പച്ചക്കറിയാണ് അമര. കർക്കിടകം ഒന്നിന് മുറ്റത്തിന്റെ ഒരു വശത്ത് അല്ലെങ്കിൽ നടുമുറ്റത്ത് കുഴിച്ചിടുന്ന വിത്ത് നല്ലപോലെ പടർന്ന് പന്തലിച്ച് വൃശ്ചികമാസം മുതൽ കായ്കൾ ലഭിക്കുന്നു. ഇത് ഒരു അനുഷ്ഠാനത്തിന്റെ ഭാഗമാണെങ്കിലും വിഷമില്ലാതെ ഉദ്പാദിപ്പിച്ചെടുക്കാവുന്ന പച്ചക്കറിയാണ്. ഇപ്പോഴും വടകര, വില്യാപ്പള്ളി, തിരുവള്ളൂർ ഭാഗങ്ങളിലെ കർഷക കുടുംബങ്ങളിലെ ആചാരമാണ് ഈ കൃഷി.



### വളരി പയറ്/ശീമപ്പയറ്

പേര് പോലെ വിളഞ്ഞ് വാള്പോലെയുള്ള കായ്കൾ അധികം മൂപ്പ് ആകുന്നതിനുമുമ്പ് വിളവെടുത്ത് ഉപയോഗിക്കാം. കുറ്റിവളരിയും, പടർന്ന് വളരുന്നയിനങ്ങളും നാട്ടിൻപുറത്ത് ലഭ്യമാണ്. 2മീ x 2മീ അകലംനൽകി തടങ്ങളിൽ വിത്ത് പാകി വളർത്താം. വർഷം മുഴുവനും കായ്കൾ ലഭിക്കും.

### കൊമ്പ് കുത്തിപയർ

അധികം വള്ളി വീശാത്ത എന്നാൽ ചില്ലയിൽ പടർന്ന് ആവശ്യം പോലെ പയർ നൽകുന്ന ഇനമാണിത്. കീടങ്ങളെ പ്രതിരോധിക്കുന്ന പയറിനത്തിനെ നമുക്ക് വീട്ടാവശ്യത്തിന വളർത്താവുന്നതാണ്.

### പിന്നെ കുറെയധികം ചീര പറങ്കികളും

മലബാറിന് സ്വന്തമായി വിരലിൽ എണ്ണാവുന്നതിലധികം കാന്താരി മുളക് (നാടൻ ഭാഷ ചീരാപറങ്കിമുളക്) ഇനങ്ങൾ ഉണ്ട്. അവ നമ്മുടെ വീട്ടുമുറ്റത്തിന് അലങ്കാരവും കറികൾക്ക് എരിവും നൽകുന്നു. നീല, പച്ച (കടും പച്ച, ഇളം പച്ച) നീണ്ടതും, ഉരുണ്ടതും, ലൈറ്റ് വൈലറ്റ്, പിങ്ക്, വെള്ള (മുല്ലപ്പൂക്കൾപോലെ) കൂടാതെ പാൽരുചിയുള്ള വലിയ മുളകുകളും ഒരു വീട്ടിലെ ആവശ്യത്തിന് കറികൾക്കായി ഇവയെയും നമുക്ക് പ്രചരിപ്പിക്കണം.



### പപ്പായ

ഒരു ഫലവൃക്ഷമാണെങ്കിലും മൂപ്പെത്താത്ത കായ്കൾ പച്ചക്കറിയായി ഉപയോഗിക്കാം. ഉപ്പേരി (തോരൻ), പച്ചടി, അവിയൽ, കാളൻ എന്നിവയ്ക്ക് ഉത്തമം. നാടൻ ഇനത്തിലുള്ള (പഴുക്കുമ്പോൾ ഉൾഭാഗം മഞ്ഞനിറവും ബൾബ് ഷെയ്പ്പുള്ളവ) കായ്കൾ നിറയെ വിത്ത് കാണാം. ശരിയായ അകലത്തിൽ 2മീ x 2മീ പാകി പറിച്ചുനടന്ന തൈകൾക്ക് 50 x 50 x 50 സെ.മീ. തടത്തിൽ 10 കിലോ ജൈവവളം ചേർക്കാവുന്നതാണ്. മഴക്കാലത്ത് കുഴികളിൽ മേൽമണ്ണ് കൊണ്ട് കൂനയെടുത്ത് നടുഭാഗത്ത് തൈകൾ നടുക. പൂവിടുന്ന സമയം ശ്രദ്ധിക്കുക. 10 പെൺമരത്തിന് ഒന്ന് എന്ന തോതിൽ ആൺമരം നിർത്തിയ ശേഷം മറ്റുള്ളവ ഒഴിവാക്കുക.



### മുള്ളൻ ചക്ക

ഒരു വീട്ടിൽ നടുന്ന ഒരു വൃക്ഷത്തിൽ മുള്ളൻ ചക്കയും വളർത്താം. അധികം പടർന്ന് പന്തലിക്കാത്ത വൃക്ഷ വിളയിലെ മൂപ്പെത്താത്ത കായ്കൾ പച്ചക്കറിയായി ഉപയോഗിക്കാം.

### കടച്ചക്ക

25 സെന്റിൽകുറയാത്ത ഭൂമിയുള്ള കുടുംബങ്ങളിൽ ഒരു വൃക്ഷം വളർത്താം. അധികം വളർന്ന് പന്തലിക്കുന്നത്. കൊമ്പുകൾ കോതി നിർത്താം. കായുകൾ സീസണുകളിലാണ് ലഭിക്കുന്നത്.

### അഗത്തിച്ചീര

ദീർഘകാല പച്ചക്കറി വിളയായി വളർത്താം. ഇളം ഇലകളും പൂവുകളും പച്ചക്കറിയായി ഉപയോഗിക്കാവുന്നതാണ്. അധികം പരിചരണം ആവശ്യമില്ലാത്ത ഈ ചെടി അലങ്കാരച്ചെടിയായും വളർത്താം.

കൂടാതെ ആനക്കൊമ്പൻ വെണ്ട(വെള്ള), വഴുതന എന്നിവയും കാവത്ത് എന്ന് വിളിപ്പേരുള്ള കാച്ചിലിനങ്ങളും ഇപ്പോഴും കർഷകർ സൂക്ഷിക്കുന്നു. ഇവയുടെ വ്യത്യാസമുള്ള കീടരോഗ പ്രതിരോധശേഷിയുള്ള വിത്തുകളും പച്ചക്കറിയിനങ്ങളും ലഭ്യമാണെങ്കിൽ ബന്ധപ്പെടുക. ●

# വളയനാട് വില്ലേജ് കർഷക സമിതി രൂപീകരിച്ചു

നഷ്ടപ്പെട്ട കാർഷിക സംസ്കാരം വീണ്ടെടുക്കാനും ജൈവവച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ച്, വിഷ രഹിത പച്ചക്കറി ഉത്പാദന സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ കൊമ്മേരി സർവ്വീസ് സഹകരണ ബേങ്കിന്റെ നേതൃത്വത്തിൽ വളയനാട് വില്ലേജ് കർഷക സമിതി രൂപീകരിച്ചു. ബേങ്കിന്റെ പരിധിയിലെ എല്ലാ വാർഡുകളിലും കർഷക സമിതി രൂപീകരിച്ച് കൃഷി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക വിത്തുകൾ വിതരണം ചെയ്യുക. ഓരോ വാർഡിലും ചുരുങ്ങിയത് 20 വീട്ടിലെങ്കിലും കൃഷി ചെയ്യുക എന്നീ തീരുമാനങ്ങൾ എടുത്തു. റസിഡൻസ് അസോസിയേഷൻ, കുടുംബശ്രീ, കർഷക സംഘടനകൾ എന്നിവയുടെ പ്രതിനിധികളെ ഉൾപ്പെടുത്തി മഴക്കാലത്തിനുശേഷം പച്ചക്കറി കൃഷി വ്യാപിക്കാനും തീരുമാനിച്ചു.



**വിനോദ് പി.കെ.**
കൺവീനർ
വളയനാട് വില്ലേജ് കർഷക സമിതി

## വളയനാട് വില്ലേജ് കർഷകസമിതി ഭാരവാഹികൾ

| | |
|---|---|
| ചെയർമാൻ | : എം.എൽ. ആന്റണി |
| വൈസ് ചെയർമാൻ | : എം.കെ.എം. കുട്ടി |
| | : അനിൽകുമാർ എം.സി. |
| | : ബാലകൃഷ്ണൻ ടി.പി. |
| കൺവീനർ | : വിനോദ് പി.കെ. |
| ജോയന്റ് കൺവീനർ | : അശോക് കുമാർ എൻ. |
| | : മോഹനൻ എം.കെ. |
| | : സഹദേവൻ.പി. |

**28ാം വാർഡ്**

| | |
|---|---|
| രക്ഷാധികാരി | : ചേമ്പിൽ വിവേകാനന്ദൻ |
| ചെയർമാൻ | : എം.സി. അനിൽകുമാർ |
| വൈസ് ചെയർമാൻ | : കെ.കെ.സി. പിള്ള |
| | : ടി. രാധാകൃഷ്ണൻ |
| കൺവീനർ | : എൻ. അശോക്കുമാർ |
| ജോയന്റ് കൺവീനർ | : സി. മദനമാധവൻ |
| | : പി.കെ. വത്സല ടീച്ചർ |

**30ാം വാർഡ്**

| | |
|---|---|
| രക്ഷാധികാരി | : കവിത അരുൺ |
| | റസീനബാനു |
| ചെയർമാൻ | : ബഷീർ മാളിയേക്കൽ |
| വൈസ് ചെയർമാൻ | : ചന്ദ്രൻ മുക്കണ്ണിയിൽ |
| | : വിജയൻ പാറോൽ |
| | : നളിനാക്ഷൻ പാറോൽ |
| കൺവീനർ | : സബീഷ്. ടി |
| ജോയന്റ് കൺവീനർ | : ചമ്പയിൽ ബാബുരാജ് |
| | : ബാലഗോപാലൻ |
| | : ദാസൻ എടോളി |

**31ാം വാർഡ്**

| | |
|---|---|
| രക്ഷാധികാരി | : ടി.പി. കോയമൊയ്തീൻ |
| | : രമണി എം.പി. |
| | : അജയൻ എ.എം. |
| ചെയർമാൻ | : രാമദാസ് ടി. |
| വൈസ് ചെയർമാൻ | : മാമുക്കോയ |
| | : എ. കെ. ദിനേശൻ |
| കൺവീനർ | : എ. രവി |
| ജോയ്ന്റ് കൺവീനർ | : ശ്രീജയ ടി. |

**32ാം വാർഡ്**

| | |
|---|---|
| രക്ഷാധികാരി | : കെ.ടി. ബീരാൻ കോയ |
| ചെയർമാൻ | : ഭരത് കുമാർ പി.സി. |
| വൈസ് ചെയർമാൻ | : കിഷോർ വി.കെ |
| | മുരളീധരൻ വി.പി. |
| | : ഈസ അഹമ്മദ് കെ. |
| കൺവീനർ | : ഗോപാലകൃഷ്ണൻ കെ. |
| ജോയന്റ് കൺവീനർ | : കെ.ടി. രാജേന്ദ്ര പ്രസാദ് |
| | : ഗഫൂർ |
| | : പ്രസാദ് പട്ടേൽത്താഴം. |

**33ാം വാർഡ്**

| | |
|---|---|
| ചെയർമാൻ | : രാധാമണി |
| വൈസ് ചെയർമാൻ | : സുലൈമാൻ.ടി. |
| | : കെ. ജയരാജൻ |
| കൺവീനർ | : ഗോപാലൻ പീടികത്തറ |
| ജോയന്റ് കൺവീനർ | : തടത്തിൽ ചന്ദ്രൻ |

**34ാം വാർഡ്**

| | |
|---|---|
| രക്ഷാധികാരി | : സൗദാമിനി ടീച്ചർ |
| | : എം.കെ.എം. കുട്ടി |
| ചെയർമാൻ | : ബഷീർ മണലൊടി |
| വൈസ് ചെയർമാൻ | : ടി. ഷിത |
| | : വി. അസ്സൻകോയ |
| കൺവീനർ | : വി. സജീഷ് |
| ജോയന്റ് കൺവീനർ | : രാജി |
| | : ടി. ബാബു |

**35ാം വാർഡ്**

| | |
|---|---|
| ചെയർമാൻ | : ശിവരാമൻ ടി.കെ. |
| വൈസ് ചെയർമാൻ | : മോഹനൻ ആതാടി |
| | : പ്രജീഷ് ടി. |
| കൺവീനർ | : ടി.പി. ബാലകൃഷ്ണൻ |
| ജോയ്ന്റ് കൺവീനർ | : ഗണേശൻ സി. |
| | : ഇയാസുദ്ദിൻ കെ. |

# ജൈവപച്ചക്കറി കൃഷി- മഴക്കാല പച്ചക്കറി കൃഷി ഏകദിന ശില്പശാല സംഘടിപ്പിച്ചു




കൊമ്മേരി സർവ്വീസ് സഹകരണ ബേങ്ക് കൃഷി വകുപ്പിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച ജൈവപച്ചക്കറി കൃഷി മഴക്കാല പച്ചക്കറികൃഷി എന്ന വിഷയത്തിൽ ഏകദിന ശില്പശാല, ആഴ്ചവട്ടം ഗവ.ഹയർ സെക്കണ്ടറി സ്കൂളിൽ നടന്നു. പരിപാടി ശ്രീ. നൗഷാദ്.കെ.വി. (കൃഷി ഓഫീസർ, കൃഷി വകുപ്പ്) മഴക്കാല പച്ചക്കറികൃഷി വീട്ടുമുറ്റത്ത് എന്ന വിഷയത്തിൽ ക്ലാസ്സെടുത്തുകൊണ്ട് ഉദ്ഘാടനം ചെയ്തു. കൃഷിവകുപ്പിന്റെയും, അനുബന്ധ സ്ഥാപനങ്ങളുടെയും സ്കീമുകൾ / പദ്ധതികൾ എന്നിവ കോഴിക്കോട് കൃഷി ഓഫീസർ ശ്രീ. ഇസ്മായിൽ.എ. അവതരിപ്പിച്ചു. തുടർന്ന് 'ജൈവകൃഷിയുടെ ആവശ്യകതയും കൃഷി രീതികളും' എന്ന വിഷയം ശ്രീ.രാജൻ (റിട്ട. കൃഷി ഓഫീസർ) അവതരിപ്പിച്ചു. മുൻകൂട്ടി രജിസ്റ്റർ ചെയ്ത 200-ൽ പരം പ്രതിനിധികളാണ് ശില്പശാലയിൽ പങ്കെടുത്തത്.

പരിപാടിയിൽ ബേങ്ക് പ്രസിഡണ്ട് വി.മധുസൂദനൻ നായർ അദ്ധ്യക്ഷത വഹിച്ചു. ശ്രീ.എം.എൽ. ആന്റണി (വൈസ് പ്രസിഡണ്ട്) സ്വാഗതവും, ശ്രീ. എൻ. അശോക് കുമാർ (ഭരണസമിതി അംഗം) നന്ദിയും പറഞ്ഞു.

# സ്കൂളിന് ഫാൻ നൽകി



കൊമ്മേരി സർവ്വീസ് സഹകരണ ബേങ്കിന്റെ ആഭിമുഖ്യത്തിൽ കിണാശ്ശേരി എൽ.പി. സ്ക്കൂൾ വിദ്യാർത്ഥികൾക്കായിഫാൻനൽകി. SSLC, +2 പരീക്ഷയിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിക്കുന്ന ചടങ്ങിൽ കൗൺസിലർ ശ്രീവല്ലി രാമനിൽ നിന്ന് ഹെഡ്മാസ്റ്റർ സുരേഷ് ബാബു ഫാൻ ഏറ്റുവാങ്ങി.




## ലോക്കർ സൗകര്യം

കൊമ്മേരി സർവ്വീസ് സഹകരണ ബേങ്കിന്റെ മാങ്കാവ്, കിണാശ്ശേരി ബ്രാഞ്ചുകളിൽ ലോക്കർ സൗകര്യം ലഭ്യമാണ്. കിണാശ്ശേരി ബ്രാഞ്ചിൽ വിവിധ അളവുകളിലുള്ള ലോക്കറുകൾ ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബ്രാഞ്ചുകളുമായി ബന്ധപ്പെടുക.


മെഗാ ലോൺ & EXCHANGE മേള

ലോകത്തെ No.1 തയ്യൽ മെഷീൻ കമ്പനികളായ SINGER, MERRITT, JUKI, HAKI എന്നിവയുടെ തയ്യൽ മെഷീനുകൾ ലളിതമായ തവണ വ്യവസ്ഥയിൽ സ്വന്തമാക്കുവാൻ നിങ്ങൾക്കിതാ ഒരു സുവർണ്ണാവസരം!!




ഈ വരുന്ന ഓണത്തിന് ഒരു Merritt തയ്യൽ മെഷീനും 750 Watts Singer Mixi യും വെറും 8000 രൂപയ്ക്ക്

എവർക്കും ഐശ്വര്യപൂർണ്ണമായ ഓണാശംസകൾ!

(ഈ ഓണം ഓഫർ ആഗസ്ത് 31 വരെ മാത്രം)

Authorised Dealer
R.R. BUSINESS CORPORATION
Fathima Complex, Behind Malabar Gold
East Kottapparamba, Kozhikode
Ph : 9895514713, 8156975571

KOMMERI SERVICE CO-OP BANK
Ltd. No. D 2022, Methottuthazham, Kozhikode
Ph: 0495 23523360
MANKAVU BRANCH | Ph: 0495 2330630
KINASSERI BRANCH | Ph: 0495 2333360



കൊമ്മേരി ബേങ്കിൽ
ഓരോ വീട്ടിലും എല്ലാവർക്കും അക്കൗണ്ട്



ഇനിയും നിങ്ങൾ അക്കൗണ്ട് തുടങ്ങിയിട്ടില്ലെങ്കിൽ ഐഡന്റിറ്റി കാർഡിന്റെ പകർപ്പ് രണ്ട് ഫോട്ടോ സഹിതം നിങ്ങൾക്ക് സൗകര്യപ്രദമായ ഏതെങ്കിലും ഒരു ബ്രാഞ്ച് സന്ദർശിക്കൂ...

| മേത്തോട്ടുതാഴം ബ്രാഞ്ച് | മാങ്കാവ് ബ്രാഞ്ച് | കിണാശ്ശേരി ബ്രാഞ്ച് |
|---|---|---|
| 0495 2352360 | 0495 2330630 | 0495 2333360 |


അപേക്ഷാഫോറം അടുത്തപേജിൽ


Vee Cee Jewellery GOLD & SILVER

ധ്വനിയും Vee Cee ജ്വല്ലറി മാങ്കാവും ചേർന്നൊരുക്കുന്ന

ഓണം പൊന്നോണം മത്സരം

സ്വന്തമാക്കാം നിങ്ങൾക്ക് ഈ ഓണത്തിന് രണ്ട് ഗ്രാം സ്വർണ്ണനാണയം സമ്മാനമായി...




കൂടാതെ 20 പ്രോത്സാഹന സമ്മാനവും

നിങ്ങളുടെ ഈ ഓണം പൊന്നോണമാക്കാൻ
അടുത്ത പേജ് കാണുക.



## THE KOMMERI SERVICE CO-OPERATIVE BANK LTD.No.2022

Head Office : Methottuthazham, Kozhikode – 673 007
Phone:0495-2356219, 2352360 Email:kommeriscb@gmail.com
Branch: Mankavu , Phone:0495-2330630 Branch:Kinasseri , Phone 0495-2333360

For Bank Use only

Branch: ____ Name: ____

A/c No: ____ M. No: ____

Photo

### SB ACCOUNT OPENING FORM

Date: ____

1. Name in full (Mr/Mrs/M/s) : ____
2. Father/Husband/Guardian Name : ____
3. Residential Address : ____

Phone : ____

4 Date of Birth : ____ 5. Sex: ____

6. Occupation : ____

7. Nominee : ____ 8. Relation: ____

8. Name of Introducer: ____

9 Account No./Membership No.: ____

I know Shri/Smt.......................................................................... for the past ................................. years/months. He/She is residing at the address given above.

Mode of operation: Single ☐ Joint ☐ Either or survivor ☐

Signature of Introducer

If minor, A/c operated by .................................................(relationship)............................................

| Signature: | | |
|---|---|---|
| | 1 | 1 |
| | 2 | 2 |
| | 3 | 3 |

I/we agree to be bound by the Bank's rules & regulations governing such accounts from time to time.

---

ഓണം പൊന്നോണം മത്സരം

1. കൊമ്മേരി സർവ്വീസ് സഹകരണ ബേങ്കിന്റെ സ്ഥാപക പ്രസിഡണ്ട്?
   ഉ. ____
2. കൊമ്മേരി സർവ്വീസ് സഹകരണ ബേങ്ക് സ്ഥാപിതമായ വർഷം?
   ഉ. ____
3. കൊമ്മേരി ബേങ്കിൽ സ്വർണ്ണ പണയത്തിന് 1000 രൂപയ്ക്ക് എത്ര രൂപയാണ് പ്രതിമാസ പലിശ?
   ഉ. ____
4. സ്വർണ്ണ പണയം 10 ലക്ഷം രൂപയ്ക്ക് അപ്രൈസൽ ചാർജ്ജായി കൊമ്മേരി ബേങ്ക് എത്ര രൂപയാണ് ഈടാക്കുന്നത്?
   ഉ. ____
5. ഗ്രൂപ്പ് ഡെപ്പോസിറ്റ് സ്ക്കീം എന്തിന് സമാനമാണ്?
   ഉ. ____
6. 3 ലക്ഷം രൂപ വായ്പക്ക് എത്ര ശതമാനമാണ് കൊമ്മേരി ബേങ്കിൽ പലിശ?
   ഉ. ____
7. ഉടൻ ലോഞ്ച് ചെയ്യുന്ന കൊമ്മേരി ബേങ്കിന്റെ വെബ്സൈറ്റ് അഡ്രസ്സ്?
   ഉ. ____
8. കൊമ്മേരി ബേങ്കിന്റെ നേതൃത്വത്തിൽ രൂപീകരിച്ച കർഷക സമിതിയുടെ പേര്?
   ഉ. ____
9. കൊമ്മേരി ബേങ്കിൽ ലോക്കർ സൗകര്യമുള്ള ബ്രാഞ്ചുകൾ ഏതൊക്കെ?
   ഉ. ____ ____
10. കൊമ്മേരി ബേങ്കിന്റെ പുതുതായി നിർമ്മിക്കുന്ന ഹെഡ്ഡോഫീസിന്റെ നിർമ്മാണ ചുമതല ഏത് സഹകരണ സ്ഥാപനത്തിനാണ്?
    ഉ. ____

നിങ്ങൾക്ക് ചേരുവാൻ താൽപര്യമുള്ള അക്കൗണ്ട് (✓ ചെയ്യുക)

SB ☐ RD ☐ FD ☐

നിങ്ങൾ ചേരുവാൻ ആഗ്രഹിക്കുന്ന ഗ്രൂപ്പ് ഡെപ്പോസിറ്റ് സ്ക്കീം (GDS )

**1 ലക്ഷം – 40 മാസം** ☐
**1 ലക്ഷം – 25 മാസം** ☐
**2 ലക്ഷം – 40 മാസം** ☐
**5 ലക്ഷം – 50 മാസം** ☐
**10 ലക്ഷം – 50 മാസം** ☐

ഏത് ബ്രാഞ്ചിൽ ചേരുവാൻ ആഗ്രഹിക്കുന്നു

മേത്തോട്ടുതാഴം ☐
മാങ്കാവ് ☐
കിണാശ്ശേരി ☐

പേര് :

മേൽവിലാസം :

ഫോൺ നമ്പർ :

**നിബന്ധനങ്ങൾ**

ബേങ്കിന്റെ ഭരണസമിതി അംഗങ്ങൾക്കോ, ജീവനക്കാർക്കോ, അവരുടെ കുടുംബാംഗങ്ങൾക്കോ ഈ മത്സരത്തിൽ പങ്കെടുക്കുവാൻ പാടില്ല, ഒന്നിൽ കൂടുതൽ വിജയികൾ ഉണ്ടാവുന്ന പക്ഷം നറുക്കെടുപ്പിലൂടെ വിജയിയെ കണ്ടെത്തുന്നതായിരിക്കും. കൂടാതെ പ്രോത്സാഹന സമ്മാനാർഹരെ കണ്ടെത്തുന്നതും നറുക്കെടുപ്പിലൂടെ ആയിരിക്കും.
എൻട്രികൾ കൊമ്മേരി ബേങ്കിന്റെ വിവിധ ബ്രാഞ്ചുകളിൽ ഏൽപ്പിക്കുകയോ തപാലിൽ അയ്ക്കുയോ ചെയ്യാവുന്നതാണ്.
എൻട്രികൾ ലഭിക്കേണ്ട അവസാന തിയതി: 2015 സെപ്തംബർ 15
എൻട്രികൾ ലഭിക്കേണ്ട വിലാസം: ധ്വനി ഓണം പൊന്നോണം മത്സരം
C/O കൊമ്മേരി സർവ്വീസ് സഹകരണ ബേങ്ക്, മേത്തോട്ടുതാഴം, കൊമ്മേരി പോസ്റ്റ് കോഴിക്കോട് 673 007.

# വാഹന വായ്പ വിതരണം നടത്തി

കൊമ്മേരി സർവ്വീസ് സഹകരണ ബേങ്കിന്റെ ആഭിമുഖ്യത്തിൽ ഇരുചക്ര വാഹന വായ്പ വിതരണം നടത്തി. കോഴിക്കോട് സി.പി.സുസുക്കിയുമായി സഹകരിച്ചു കൊണ്ടുള്ള ഈ വായ്പാ പദ്ധതി ബാങ്ക് പ്രസിഡണ്ട് ശ്രീ. മധുസൂദനൻ നായർ വാഹനങ്ങളുടെ താക്കോൽ വിതരണം നടത്തികൊണ്ട് നിർവ്വഹിച്ചു. ബേങ്ക് ഡയറക്ടർ ശ്രീ.എം.കെ.എം. കുട്ടി അദ്ധ്യക്ഷത വഹിച്ചു. ബാങ്ക് സെക്രട്ടറി അജയകുമാർ എ.എം, സി.പി.സുസുക്കി സെയിൽസ് മാനേജർ ലെജിത്, ഡയരക്ടർമാരായ ചന്ദ്രൻ തടത്തിൽ വിനോദ് പി.കെ എന്നിവർ സംസാരിച്ചു.




വായിക്കുക... വരിക്കാരാവുക

യുറീക്ക
കുട്ടികളുടെ ശാസ്ത്രദ്വൈവാരിക
ഏറ്റവും കൂടുതൽ കുട്ടികൾ വായിക്കുന്ന ശാസ്ത്ര പ്രസിദ്ധീകരണം
ഒറ്റപ്രതി 12 വാർഷിക വരിസംഖ്യ 250

ശാസ്ത്രകേരളം
ശാസ്ത്ര മാസിക
അറിയാനും സൂക്ഷിച്ചുവെക്കാനും ഒരു ശാസ്ത്രമാസിക
ഒറ്റപ്രതി 15 വാർഷിക വരിസംഖ്യ 150
യുറീക്ക/ശാസ്ത്രകേരളം തപാലിൽ ലഭിക്കാൻ എം ഒ/ഡി ഡി അയയ്ക്കുക.
വിലാസം: മാനേജിങ് എഡിറ്റർ, യുറീക്ക/ശാസ്ത്രകേരളം ചാലപ്പുറം, കോഴിക്കോട് 673 002. ഫോൺ: 0495 2701919
email: ksspmagazine@gmail.com

ശാസ്ത്രഗതി
ഓരോ പൊതുപ്രവർത്തകനും അവശ്യം വായിച്ചിരിക്കേണ്ട ആനുകാലികം
ഒറ്റപ്രതി 15 വാർഷിക വരിസംഖ്യ 150
തപാലിൽ ലഭിക്കാൻ എം ഒ/ഡി ഡി അയയ്ക്കുക.
വിലാസം: മാനേജിങ് എഡിറ്റർ, ശാസ്ത്രഗതി എ കെ ജി റോഡ്, ഇടപ്പള്ളി, കൊച്ചി 682 024
email: sasthragathy@gmail.com


# GOLD LOAN



കൊമ്മേരി സർവ്വീസ് സഹകരണ ബേങ്കിൽ
സ്വർണ്ണ പണയ വായ്പക്ക്
**വീണ്ടും പലിശ കുറച്ചിരിക്കുന്നു.**
**ഇപ്പോൾ 11% മാത്രം**

**1000 രൂപയ്ക്ക് പ്രതിമാസം**
**9 രൂപ മാത്രം പലിശ**

**10 ലക്ഷം രൂപ വരെ ലഭിക്കുന്നു**

**അപ്രൈസൽ ചാർജ്**
**10 രൂപ മുതൽ 50 രൂപ വരെ മാത്രം**

**മറ്റു കാണാചിലവുകൾ**
**ഒന്നും തന്നെയില്ല.**

## കൊമ്മേരി സഹകരണ ബേങ്കിന്റെ
### മേത്തോട്ടുതാഴം, മാങ്കാവ്, കിണാശ്ശേരി ബ്രാഞ്ചുകളിൽ നിന്നും ഉടൻ ആരംഭിക്കുന്ന ഗ്രൂപ്പ് ഡെപ്പോസിറ്റ് സ്കീമുകൾ [ചിട്ടിക്ക് സമാനം]

| തവണ സംഖ്യ | കാലാവധി (മാസം) | തുക | 25% ബോണസ് ലഭിക്കുമ്പോൾ അടയ്ക്കേണ്ട തവണ സംഖ്യ |
|---|---|---|---|
| 2500 | 40 | 1 ലക്ഷം | 1875 |
| 4000 | 25 | 1 ലക്ഷം | 3000 |
| 5000 | 40 | 2 ലക്ഷം | 3750 |
| 10000 | 50 | 5 ലക്ഷം | 7500 |
| 20000 | 50 | 10 ലക്ഷം | 15000 |

പദ്ധതിയിൽ ചേരുവാനും കൂടുതൽ വിവരങ്ങൾക്കും
നിങ്ങളുടെ ഏറ്റവും അടുത്തുള്ള ബ്രാഞ്ച് സന്ദർശിക്കുക

**മെയിൻ ബ്രാഞ്ച് (മേത്തോട്ടുതാഴം) ഫോൺ : 2352360, 2356219**
**മാങ്കാവ് ബ്രാഞ്ച് ഫോൺ : 2330630**
**കിണാശ്ശേരി ബ്രാഞ്ച് ഫോൺ: 2333360**


ഇനി ജോലി നിങ്ങളെ തേടിയെത്തും . . .

+1 Commerce
DFA DIPLOMA IN FINANCIAL ACCOUNTING
B.Com +PDIFAS
BBA +PDIFAS
PDIFAS
PROFESSIONAL DIPLOMA IN INDIAN, FOREIGN AND SAP ACCOUNTING
One Course 3 Qualifications
GOVT. RECOGNIZED QUALIFICATION FOR PSC APPOINTMENTS

കേരളത്തിൽ ആദ്യമായി
ലോകം മുഴുവൻ അംഗീകരിച്ച
SAP (GERMANY) യുടെ ഏറ്റവും മികച്ച
തൊഴിലധിഷ്ഠിത കോഴ്സുകളും
സർട്ടിഫിക്കറ്റും G-TEC കോളേജിലൂടെ മാത്രം ..

Member SAP Student Academy Program



G-TEC COLLEGE
FOR ADVANCED STUDIES
MARKAZ COMPLEX, MAVOOR ROAD
Ph: 996 123 3944
www.gteccollege.com
ISO 9001: 2008 CERTIFIED COLLEGE Corp. Office: Peace Centre, Singapore 228149

# എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിലെ ഉന്നത വിജയികളെ അനുമോദിച്ചു

കൊമ്മേരി സർവ്വീസ് സഹകരണ ബേങ്കിന്റെ ആഭിമുഖ്യത്തിൽ 2014-15 വർഷത്തെ S S L C, +2 പരീക്ഷകളിൽ ഉന്നത വിജയികളായ ബേങ്ക് മെമ്പർമാരുടെ മക്കളെയും ആഴ്ചവട്ടം G H S S, കിണാശ്ശേരി V H S S എന്നീ വിദ്യാലയങ്ങളിലെയും 45 വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡും മെമന്റോയും നൽകി ആദരിച്ചു. ബേങ്ക് പ്രസിഡണ്ട് വി. മധുസൂദനൻനായരുടെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങ് ഗുരുവായൂരപ്പൻ കേളേജ് പ്രിൻസിപ്പൽ ഡോ. എം. മാധവിക്കുട്ടി ഉദ്ഘാടനം ചെയ്ത് ഉപഹാരങ്ങൾ വിതരണം ചെയ്തു. വിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡ് വിതരണം കൗൺസിലർ ടി.പി. കോയമൊയ്തീൻ നിർവ്വഹിച്ചു. അവാർഡിനർഹരായ വിദ്യാർത്ഥികളെ ബേങ്ക് സെക്രട്ടറി എ.എം. അജയകുമാർ സദസ്സിന് പരിചയപ്പെടുത്തി. അനുമോദനത്തിന് നന്ദിപ്രകാശിപ്പിച്ചുകൊണ്ട് വിദ്യാർത്ഥികളായ ഷിംജിത്ത്, കൃഷ്ണപ്രിയ എന്നിവർ എന്നിവർ സംസാരിച്ചു. ബേങ്ക് വൈസ് പ്രസിഡണ്ട് എം.എൽ. ആന്റണി സ്വാഗതവും ഡയറക്ടർ തടത്തിൽ ചന്ദ്രൻ നന്ദിയും രേഖപ്പെടുത്തി.



ഡോ. എം. മാധവിക്കുട്ടി വിജയികൾക്കുള്ള ഉപഹാരം വിതരണം ചെയ്യുന്നു.







## ഓണച്ചന്ത ആരംഭിച്ചു



കൊമ്മേരി സർവ്വീസ് സഹകരണ ബേങ്കിനു കീഴിൽ പ്രവർത്തിക്കുന്ന നീതി സ്റ്റോറിൽ ഓണച്ചന്ത ആരംഭിച്ചു. 13 ഇനം സാധനങ്ങൾക്ക് 10 ശതമാനം വിലക്കിഴിവ് ലഭിക്കും. 2015 ആഗസ്ത് 23 മുതൽ 27 വരെയാണ് ഓണച്ചന്ത പ്രവർത്തിക്കുക.












# കൊമ്മേരി സർവ്വീസ് സഹകരണ ബേങ്കിന്റെ കിണാശ്ശേരി ബ്രാഞ്ച് പ്രവർത്തനമാരംഭിച്ചു

കച്ചേരിക്കുന്ന്, പൊക്കുന്ന്, പേരാച്ചിക്കുന്ന്, തോട്ടുംമാരം, കടുപ്പിനി പ്രദേശവാസികൾക്ക് ഏറെ സൗകര്യപ്രദമായി കൊമ്മേരി സർവ്വീസ് സഹകരണ ബേങ്കിന്റെ കിണാശ്ശേരി ബ്രാഞ്ച് പ്രവർത്തനമാരംഭിച്ചു. ബേങ്ക് പ്രസിഡണ്ട് ശ്രീ. വി. മധുസൂദനൻ നായരുടെ അദ്ധ്യക്ഷതയിൽ ബഹു. പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.എം. കെ. മുനീർ ഉദ്ഘാ ടനം നിർവ്വഹിച്ചു. സെയ്ഫ് ഡെപ്പോസിറ്റ് ലോക്കർ ഉദ്ഘാടനം കോഴിക്കോട് കോർപ്പറേഷൻ മുൻ. മേയർ ശ്രീ. എം.ഭാസ്ക്കരനും വിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡ് ഉദ്ഘാടനം ശ്രീ. പി.ടി. രാജനും നിർവ്വഹിച്ചു. ചടങ്ങിൽ സർവ്വശ്രീ: കോയമൊയ്തീൻ. ടി.പി , ചേമ്പിൽ വിവേകാനന്ദൻ, കെ.ടി. ബീരാൻകോയ, സൗദാമിനി ടീച്ചർ, കവിതാഅരുൺ, എൻ.സി. മോയിൻകുട്ടി, ശ്രീവല്ലി രാമൻ, കാനങ്ങോട്ട് ഹരിദാസൻ, പി. ലക്ഷ്മണൻ, പി.കെ. നാസർ, എം.പി. രാധാകൃഷ്ണൻ, ഉണ്ണികൃഷ്ണൻ ടി.വി, മുരളീധരൻ പട്ടേരി, എം.പി. മുഹമ്മദ്, അസീസ് മണലൊടി, എ.എം. സീതിക്കുട്ടി മാസ്റ്റർ, കെ. ചെറുകുട്ടി മാസ്റ്റർ, പി. ഭരതകുറുപ്പ്, അളത്തിൽ വാസു, മേച്ചേരി ബാബുരാജ്, കെ.പി. ബാലകൃഷ്ണൻ, പി.ഹരിദാസൻ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ശ്രീ. എം.കെ.എം. കുട്ടി സ്വാഗതവും ടി.പി.ബാലകൃഷണൻ നന്ദിയും പറഞ്ഞു.









## കൊമ്മേരി സർവ്വീസ് സഹകരണ ബേങ്കിന്റെ ഹെഡ്ഡോഫീസ് കെട്ടിടനിർമ്മാണത്തിന് തുടക്കമായി



- നിർമ്മാണം 3.5 കോടി രൂപ ചെലവിൽ ബിൽഡിംഗ് ഫണ്ടുപയോഗിച്ച്
- നിർമ്മാണ ചുമതല ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റിക്ക്

കൊമ്മേരി ബേങ്കിന്റെ ഹെഡ്ഡോഫീസ് കെട്ടിടത്തിന്റെ ശിലാസ്ഥാപനം എ. പ്രദീപ്കുമാർ എം.എൽ.എ. നിർവ്വഹിച്ചു. മേത്തോട്ട് താഴത്ത് 3.5 കോടി രൂപ ചെലവിലാണ് ഹെഡ്ഡോഫീസ് കെട്ടിടം നിർമ്മിക്കുന്നത്. എല്ലാ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടത്തിന്റെ നിർമ്മാണ ചുമതല സഹകരണ പ്രസ്ഥാനത്തിന്റെ അഭിമാനമായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കാണ്. ശിലാസ്ഥാപന ചടങ്ങിൽ ബേങ്ക് പ്രസിഡണ്ട് വി. മധുസൂദനൻ നായർ അദ്ധ്യക്ഷനായി. സെക്രട്ടറി എ.എം. അജയകുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. കൗൺസിലർ ടി.പി. കോയമൊയ്തീൻ, പി. ഭരതക്കുറുപ്പ് (ബേങ്ക് മുൻ പ്രസിഡണ്ട്) പി.ടി. രാജൻ, എൻ. കെ. രാജു, അസീസ് ബാബു, മോഹനൻ പാലോത്ത്, എൻ.പി. സുരേഷ്, കെ. ശിവശങ്കരൻ എന്നിവർ സംസാരിച്ചു. ബേങ്ക് വൈസ് പ്രസിഡന്റ് എം.എൽ. ആന്റണി സ്വാഗതവും ഭരണസമിതി അംഗം എം.കെ.എം. കുട്ടി നന്ദിയും പറഞ്ഞു.



## കൊമ്മേരി ബേങ്കിന്റെ വെബ്സൈറ്റ് ഉടൻ




www.kommeriscb.com

വിവരസാങ്കേതികവിദ്യയിലൂടെ ബേങ്കിന്റെ പ്രവർത്തനങ്ങളും, സേവനങ്ങളും അതാതു സമയങ്ങളിൽ മാന്യ മെമ്പർമാരിലേക്കും, ഇടപാടുകാരിലേക്കും എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ ബേങ്കിന്റെ വെബ്സൈറ്റ് ഉടൻ ലോഞ്ച് ചെയ്യുന്നതാണ്. ബേങ്കിന്റെ സേവനങ്ങളോടൊപ്പം നിക്ഷേപങ്ങളെകുറിച്ചും, വായ്പകളെക്കുറിച്ചും കൂടുതൽ വിവരങ്ങൾ വെബ്സൈറ്റ് സന്ദർശിച്ച് മനസ്സിലാക്കാം. കൂടാതെ സേവിംഗ്സ് ബേങ്ക് അക്കൗണ്ട് ആരംഭിക്കുവാനുള്ള ഫോറം ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുവാനുള്ള സൗകര്യവും ഉണ്ട്. കാത്തിരിക്കാം...

ധ്വനി

നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും

reach2dhwani@gmail.com
facebook/kommeriscb dhwani
twitter/kommeriscb dhwani

ധ്വനി

### സപ്ലിമെന്റ് കമ്മറ്റി

അശോക് കുമാർ എൻ.(ചെയർമാൻ)
പ്രജി സി.പി. (കൺവീനർ)
മധുസൂദനൻ നായർ വി.
അജയകുമാർ എ.എം.
ബാലകൃഷ്ണൻ ടി.പി.
ചന്ദ്രൻ തടത്തിൽ
വിനോദ് പി.കെ.
സബീഷ് ടി.












Editor: Praji C.P., Printed and Published by Ajayakumar A.M. (Secretary) Kommeri Service Co-operative Bank Ltd. No. D.2022, Kozhikode-7, Designed by Maya Creative Mind, Calicut-1,. Printed at Global Print Systems, Calicut-55.